
# Digital Drive

**Little kites - 2022-25**

G.H.S.S Anappara




# G.H.S.S.ANAPPARA

## CHULLIYODE

**2023-24**

# Editorial board



ALBIN JOERGE SHIJU
ALFIN JOERGE SHIJU
ABHINANDNS
DHILJITH DAS
AKSHAYA PS
NADHA NADHEER
CLARA K B
SREENANDA P.S
SONA T FAISAL

# എഡിറ്റോറിയൽ

പ്രിയപ്പെട്ടവരെ,

ഞങ്ങളുടെ ഡിജിറ്റൽ ഡ്രൈവ് എന്ന ഡിജിറ്റൽ മാഗസിൻ നിങ്ങളുടെ മുന്നിലെത്തുകയാണ്. നമ്മുടെ സർഗാത്മകമായ കഴിവുകൾ മറ്റുള്ളവർക്ക് മുമ്പിൽ എത്തിക്കാനുള്ള അവസരമാണ് ഇത്തരം മാഗസിനുകളിലൂടെ സാധ്യമാകുന്നത്. രൂപത്തിലും ഭാവത്തിലും പൂർണ്ണതയൊന്നും അവകാശപ്പെടുന്നില്ലെങ്കിലും നിങ്ങൾക്ക് വായനയ്ക്കായി ഈ ഡിജിറ്റൽ മാഗസിൻ സമർപ്പിക്കുന്നു.

## സന്ദേശം




ഇന്നലെകളിൽ അല്ല ഇന്നിന്റെ ഈ ലോക'ത്താണ് ആധുനിക തലമുറ വിഹരിക്കുന്നത്. അനുദിനം മാറി കൊണ്ടിരിക്കുന്ന ലോകം ഈ ലോകത്തിന്റെ സ്പന്ദനങ്ങൾ ക്കായി കാതോർക്കുന്നു .ജീവിതം തുടങ്ങുന്നത് മുതൽ ഒടുങ്ങുന്നതു വരെ അവനെ നയിക്കുന്നത് ആധുനിക സാങ്കേതിക വിദ്യയാണ്. ഇത്തരത്തിൽ പുതുതലമുറക്ക് മറക്കാനോ മാറിനിൽക്കാനോ കഴിയാത്ത രീതിയിലേക്ക് ആധുനിക ലോകത്തിൻ്റെ സാങ്കേതികത അനുദിനം മാറിക്കൊണ്ടിരിക്കുന്നു.

ഈ കാലഘട്ടത്തിൽ പുതുതലമുറയുടെ പ്രതിനിധികളായ ഈ വിദ്യാലയത്തിലെ 'ലിറ്റിൽ കൈറ്റ്സ്' വിഭാഗം തയ്യാറാക്കുന്ന '**"Digital drive"** എന്ന ഡിജിറ്റൽ മാഗസിൻ ആധുനികതയുടെ അന്തരാളങ്ങളിലേക്ക് വെളിച്ചം വീശാൻ പര്യാപ്തമാണെന്ന് കരുതുന്നു. മാഗസിന് എല്ലാവിധ ആശംസകളും അർപ്പിക്കുന്നു.

മനോജ് കുമാർ കെ . എസ്.
പ്രധാനാധ്യാപകൻ
ജി.എച്ച്.എസ്.എസ് . ആനപ്പാറ.

# MESSAGE

The Magazine "Digital Drive" is an adventurous drive by my little kites. It is a mirror towards the activities of G. H. S. S Anappara. All my wishes for your new venture in this present world, of artificial inteligence



Sini k.v, HST English
GHSS Anappara

ആനപ്പാറ ഗവഃ ഹയർ സെക്കൻററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കുന്ന 'ഡിജിറ്റൽ ഡ്രൈവ്' എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.



കെ.പി. ജാഫർ
സ്റ്റാഫ് സെക്രട്ടറി
ജി.എച്ച്.എസ്.എസ് ആനപ്പാറ

മാറുന്ന ഡിജിറ്റൽ ലോകത്ത് മാറ്റങ്ങൾ ഉൾക്കൊണ്ട് കാലത്തിനനുസരിച്ച് മാറുക.
അവസരങ്ങൾ മുൻകൂട്ടി കാണുക.
ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ ഡ്രൈവ് മാഗസിന് എല്ലാ ആശംസകളും നേരുന്നു.



സ്നേഹത്തോടെ
ബിജു.എം
(പി.റ്റി.എ. പ്രസിഡന്റ്)

# ഉള്ളടക്കം


അമ്മയുടെ സ്നേഹം -10

ആനയും തയ്യൽക്കാരനും -16

profile of DR.CHANDRASHEKARA VENKIDARAMAN -17

DR.VIKRAM SARABAI -18

DR.JAGADHEESH CHANDRABOS -19

അസ്തമയ സൂര്യൻ -20

HORROR STORY -21

HOW TECHNOLOGY AFFECT US -22

DAFFODILS -23

വൈജയന്തി -24

THE HONEST COW AND TIGER -26

POEM ON NATURE -27

SHORT STORY -28

FARMER AND SNAKE -29

പ്രസംഗം -30

HINDI POEM -31

LITTLE KITES -32

PROFILE


ലാവോസിയർ

കഥ (മലയാളം) -33

മെൻഡലീവ് ആവർത്തന പട്ടിക -34

കഥ -35

LITTLE KITES -40

ബാല്യകാലം -41

സൗഹൃദ ബന്ധം -42

നന്ദി -43

തങ്കത്താഴികക്കുടമല്ല -44

കവിത (മലയാളം) -47

ENGLIDH CLUB INAUGRATION -48

IT QUIZZ -49

ശാസ്ത്യകൗതുകം (നാടകം) -50

കുടിവെള്ള സംരക്ഷണം -52

PETER PAN -53

കഥ (മലയാളം) -60

അപ്പുവും ദൊപ്പുവും -62

നദി (കവിത) -64

DRAWINGS -65

HINDI POEM -66

NATURES MUSIC -67

കാസിമിന്റെ ചെരുപ്പ് -80

A RAINYNIGHT -81

-82

-86

## അമ്മയുടെ സ്നേഹം

ഒരു കൊച്ചു നഗരത്തിൽ ഒരു കച്ചവടക്കാരൻ ഉണ്ടായിരുന്നു. അയാളുടെ ഭാര്യ ഒരു രോഗി ആയിരുന്നു. മകൾ മാധുലിക്ക് ഏഴു വയസ്സായപ്പോഴേക്കും അവരുടെ രോഗം വല്ലാതെ കൂടി. താൻ അധികകാലം ഇനി ജീവിച്ചിരിക്കില്ലെന്ന് ഉറപ്പിച്ച അവർ ഭർത്താവിനോട് പറഞ്ഞു

"എന്റെ മരണശേഷം നിങ്ങൾ മറ്റൊരു കല്യാണം കഴിക്കരുത്.എന്റെ മകളെ ഒരു രണ്ടാനമ്മ ഉപദ്രവിക്കുന്ന കാര്യം എനിക്ക് ചിന്തിക്കാൻ പോലും കഴിയില്ല."

കച്ചവടക്കാരൻ സമ്മതിച്ചു. പക്ഷേ, ഭാര്യ മരിച്ചിട്ട് ആറുമാസം കഴിഞ്ഞതും ബന്ധുക്കൾ അയാളെ മറ്റൊരു കല്യാണത്തിന് നിർബന്ധിക്കുവാൻ തുടങ്ങി.

" പെൺകുട്ടിയെ വളർത്താൻ ഒരു അമ്മ ഉണ്ടായേ പറ്റൂ. " ഒടുവിൽ ബന്ധുക്കളുടെ നിർബന്ധത്തിനു വഴങ്ങി അയാൾ മറ്റൊരു കല്യാണം കഴിച്ചു. തന്റെ ഭർത്താവ് മാധുരിയെ സ്നേഹിക്കുന്നത് പുതിയ ഭാര്യക്ക് തീരെ ഇഷ്ടപ്പെട്ടില്ല. അവർക്ക് ഒരു കുഞ്ഞു കൂടിയായപ്പോൾ മാധുലിയെ അവർ പൂർണമായും വെറുത്തു. അതോടെ മാധുലിയുടെ അവസ്ഥ വളരെ മോശമായി. അവൾക്ക് ഉണ്ണാനും ഉടുക്കാനും രണ്ടാനമ്മ കൊടുക്കാതായി. കഠിനമായി ജോലി ചെയ്യിക്കുകയും ചെയ്തു.

" മടിച്ചിപ്പെണ്ണേ, മര്യാദയ്ക്ക് ജോലി ചെയ്തോ ...... "

മാധുരി അൽപനേരം വിശ്രമിക്കുന്നത് കണ്ടാൽ രണ്ടാനമ്മ കയർക്കും.

പക്ഷേ ഇക്കാര്യമൊന്നും
അവൾ അച്ഛനോട്
പറഞ്ഞില്ല. അത്
അച്ഛനെ വിഷമിപ്പിക്കും
എന്ന് അവൾ കരുതി.

ഒരു ദിവസം മാതുലി
സങ്കടത്തോടെ രാത്രി
ഉറങ്ങാൻ കിടന്നപ്പോൾ
അവളുടെ സ്വപ്നത്തിൽ
അമ്മ പ്രത്യക്ഷപ്പെട്ടു.

" മോളെ നീ എന്താണ്
ക്ഷീണിച്ചിരിക്കുന്നത്? "
അമ്മ ചോദിച്ചു." അമ്മേ
അമ്മയില്ലാത്തതുകൊണ്ട്
ഞാൻ വല്ലാതെ
സങ്കടത്തിലാണ്. എനിക്ക്
വിശപ്പ് അടക്കാൻ
പോലും ഒന്നും കിട്ടുന്നില്ല.
അമ്മയുടെ കൂടെ
എന്നെയും കൊണ്ട്
പോകാമോ? "
മാധുലിയുടെ
കണ്ണുനിറഞ്ഞൊഴുകി.
" ഞാൻ
ജീവിച്ചിരിപ്പില്ലെങ്കിലും നീ
പട്ടിണി കിടക്കരുത്.
എന്നും രാവിലെ
അമ്പലത്തിനടുത്തുള്ള
ആൽമരത്തിനടുത്ത്
വരിക, നിനക്ക് അവിടെ
രുചികരമായ ഭക്ഷണം
ഞാൻ എടുത്തു
വയ്ക്കാം, "അമ്മ അവളെ
ആശ്വസിപ്പിച്ചു.

അടുത്ത ദിവസം രാവിലെ
മാധുലി അമ്പലത്തിൽ
ചെന്നു.അമ്മ
പറഞ്ഞതുപോലെ
അവിടെ ഭക്ഷണം
ഉണ്ടായിരുന്നു.രുചികരമാ
യ ഭക്ഷണം അവൾ വയറു
നിറയെ കഴിച്ചു.
അതിനുശേഷം അത്
പതിവായി. മാധുലിക്ക്
ആവശ്യമുള്ള ഭക്ഷണം
കൊടുക്കാനില്ലെങ്കിലും
അവളുടെ
ആരോഗ്യത്തിന്
യാതൊരു കുറവുമില്ലെന്ന്
രണ്ടാനമ്മ ശ്രദ്ധിച്ചു.
അവർ മാധുലിയെ
നിരീക്ഷിക്കാൻ തുടങ്ങി.
ഒടുവിൽ ഒരു ദിവസം
മാതുലി അമ്പലത്തിൽ
ചെന്ന് ഭക്ഷണം
കഴിക്കുന്നത് അവർ
കണ്ടുപിടിച്ചു.

" പ്രായമായ മകൾ തെണ്ടി

തിരിഞ്ഞു
നടക്കുകയാണ്. ആ ഒരു
ചിന്ത നിങ്ങൾക്കുണ്ടോ?
ഇങ്ങനെയുള്ള
പെണ്ണിനെ ആര്
കല്യാണം കഴിക്കുമെന്ന്
കാണാം".

അവർ ഭർത്താവിനോട്
പരാതിപ്പെട്ടു.
അതോടുകൂടി മാതുലിക്ക്
വീട്ടിൽ നിന്ന്
പുറത്തിറങ്ങാൻ
കഴിയാതെയായി.
അവളുടെ അവസ്ഥ
വീണ്ടും മോശമായി.
കുറച്ചുദിവസം
കഴിഞ്ഞപ്പോൾ അമ്മ
സ്വപ്നത്തിൽ വീണ്ടും
പ്രത്യക്ഷപ്പെട്ടു.

" മോളെ നീ എന്താണ്
ആഹാരം കഴിക്കാൻ
വരാത്തത്?അമ്മ
ചോദിച്ചു

" രണ്ടാനമ്മ പടിക്കു
പുറത്തിറങ്ങാൻ
വിടുന്നില്ല", അവൾ
സങ്കടത്തോടെ പറഞ്ഞു.

" മോള് വിഷമിക്കേണ്ട
നിനക്ക് പാല് കുടിക്കാൻ
ഞാനൊരു ആടിനെ
പറഞ്ഞു വിടാം
അതോടെ നിന്റെ എല്ലാ
ക്ഷീണവും മാറും." അമ്മ
അവളെ ആശ്വസിപ്പിച്ചു.

പിറ്റേന്ന്
കന്നുകാലികൾക്ക് തീറ്റ
കൊടുക്കാൻ
പോയപ്പോൾ
തൊഴുത്തിനടുത്ത് ഒരു
ആട് നിൽക്കുന്നത്
അവൾ കണ്ടു. അവൾ
അതിന്റെ പാൽ കറന്നു
കുടിച്ചു.മാതുലി വീണ്ടും
സുന്ദരിയും
ആരോഗ്യവതിയുമായി
മാറിയത് രണ്ടാനമ്മ
ശ്രദ്ധിച്ചു. താമസിക്കാതെ
അവർ മാധുലിയുടെ
ആടുമായുള്ള ചങ്ങാത്തം
കണ്ടുപിടിച്ചു. പിന്നെ
വൈകിയില്ല; പിറ്റേന്ന്
തന്നെ രണ്ടാനമ്മ
അതിനെ പിടികൂടി
കൊന്നു കുഴിച്ചിട്ടു.
പിറ്റേന്ന് രാവിലെ
പതിവുപോലെ മാധുരി
ആടിനെ
കാത്തുനിന്നുവെങ്കിലും

ആട് വന്നില്ല. പക്ഷേ
അവൾ മറ്റൊന്ന് കണ്ടു.
തന്റെ വീട്ടുമുറ്റത്ത് ഒരു
സ്വർണസ്തംഭം
ഉയർന്നുനിൽക്കുന്നു.
അതുകണ്ട് എല്ലാവരും
അത്ഭുതപ്പെട്ടു. എന്നാൽ
രണ്ടാനമ്മ മാത്രം
ഭയപ്പെട്ടു. കാരണം,
ആടിനെ കുഴിച്ചിട്ട
ഇടത്തായിരുന്നു സ്തംഭം
ഉയർന്നിരിക്കുന്നത്.
സ്തംഭം കാണാൻ
രാജ്യത്തിന്റെ പല
ഭാഗത്തുനിന്നും
ആളുകൾ വരാൻ
തുടങ്ങി. അന്ന് രാത്രി
കച്ചവടക്കാരന്റെ
സ്വപ്നത്തിൽ ആദ്യഭാര്യ
പ്രത്യക്ഷപ്പെട്ടു.

" ഞാൻ
പറഞ്ഞതുപോലെയല്ല
നിങ്ങൾ പ്രവർത്തിച്ചത്.
അതുകാരണം എന്റെ
മകൾ ധാരാളം പ്രയാസം
അനുഭവിച്ചു. നിങ്ങൾക്ക്
അവളെ ഒരു രീതിയിലും
സംരക്ഷിക്കാൻ
കഴിഞ്ഞിട്ടില്ല.

അതുകൊണ്ട്
ഇനിയെങ്കിലും ഞാൻ
പറയുന്നതുപോലെ
ചെയ്യുക. മുറ്റത്തെ
സ്വർണ്ണ സ്തംഭം
തള്ളിയിടുന്ന ആൾക്ക്
മാദുലിയെ കല്യാണം
കഴിച്ചു നൽകുമെന്ന്
പ്രഖ്യാപിക്കുക.
സ്ത്രീധനമായി ആ
സ്വർണസ്തംഭം
കൊടുക്കുക. അത്
മാധുരിക്കു വേണ്ടിയാണ്
ഞാൻ സ്ഥാപിച്ചത്. "
കച്ചവടക്കാരൻ
ഉടൻതന്നെ ചെണ്ടകൊട്ടി
പ്രഖ്യാപനം നടത്തി.അത്
കേട്ട് ധാരാളം യുവാക്കൾ
സ്തംഭം മറിച്ചിടാൻ
വന്നു. പക്ഷേ, ആർക്കും
അതിനു കഴിഞ്ഞില്ല
കുറച്ചുദിവസം
കഴിഞ്ഞപ്പോൾ ഒരു
യാചകൻ അതുവഴി
വന്നു. സ്തംഭം
മറിച്ചിടാൻ വീട്ടുമുറ്റത്ത്
ആൾക്കാർ വന്ന് തിങ്ങി
നിൽക്കുന്നതു
കണ്ടായിരുന്നു അവരുടെ

കൂട്ടത്തിൽ യാചകനും.
ആ മത്സരത്തിൽ
പങ്കെടുക്കണമെന്ന്
അയാളും മോഹം
പ്രകടിപ്പിച്ചു: "ഞാനും
ഈ തൂണ് ഒന്ന്
മറിച്ചിടാൻ ശ്രമിച്ചോട്ടെ?"
അതുകേട്ട് അവിടെ കൂടെ
നിന്നവർ യാചകനെ
പരിഹസിച്ചു: " വലിയ
മല്ലന്മാർ വിചാരിച്ചിട്ട്
നടക്കാത്ത കാര്യമാണ്
എന്നിട്ടാണ് ഒരു
നേരത്തെ ഭക്ഷണം
പോലും വേണ്ടവിധം
കഴിക്കാത്ത യാചകൻ
ശ്രമിക്കുന്നത്!"
"ശ്രമിച്ചോളൂ.... ഈ
മത്സരത്തിൽ ആർക്കും
പങ്കെടുക്കാം,"
കച്ചവടക്കാരൻ പറഞ്ഞു.
യാചകൻ തൂണിൽ
പിടിച്ചു തള്ളി
എല്ലാവരെയും
ഞെട്ടിച്ചുകൊണ്ട് സ്തംഭം
മറിഞ്ഞുവീണു.
കച്ചവടക്കാരൻ
അമ്പരന്നു, ഭിക്ഷക്കാരന്
അത് സാധിക്കുമെന്ന്
അയാൾ ഒരിക്കലും
കരുതിയിരുന്നില്ല.
പക്ഷേ രണ്ടാനമ്മയ്ക്ക്
വലിയ സന്തോഷമായി. "
അവൾ അർഹിച്ചത്
തന്നെ അവൾക്കു കിട്ടി!"
പരിഹാസത്തോടെ അവൾ
പറഞ്ഞു,തലയിൽ കൈ
കൊടുത്തു
ദുഃഖിച്ചിരിക്കുന്ന
കച്ചവടക്കാരനെ മാധുലി
ആശ്വസിപ്പിച്ചു: "അച്ഛൻ
വിഷമിക്കേണ്ട.ഒരു
യാചകനെയാണ്
എനിക്ക് കല്യാണം
കഴിക്കാൻ വിധിയെങ്കിൽ
അങ്ങനെ നടക്കട്ടെ."
കച്ചവടക്കാരൻ
കല്യാണത്തിനുള്ള
ഒരുക്കങ്ങൾ
ആരംഭിച്ചു.പക്ഷേ,
രണ്ടാനമ്മയ്ക്ക് അത്
ഇഷ്ടമായില്ല.
അവൾ പറഞ്ഞു: ഒരു
തെണ്ടിയെ കെട്ടാൻ
പോകുന്നവർക്ക്
പുതുവസ്ത്രങ്ങൾ ഒന്നും
വേണ്ട."
" അവൾക്ക് ജീവിക്കേണ്ട
കാര്യമില്ല. ഈ സ്വർണ
തൂണ് കൊണ്ട്

അവർക്കും മക്കൾക്കും
തലമുറകളോളം
സുഖമായി ജീവിക്കാം. "
കച്ചവടക്കാരൻ പറഞ്ഞു.
" അതൊന്നും പറ്റില്ല
സ്വർണത്തോട് നമ്മുടെ
മുറ്റത്തുണ്ടായതാണ്
അതങ്ങനെ അവൾക്കു
മാത്രം കൊടുത്താൽ
ശരിയാവില്ല " രണ്ടാനമ്മ
എതിർത്തു. " സ്വർണ്ണ
തുണി സ്ത്രീധനമായി
കൊടുക്കാം എന്ന് ഞാൻ
പ്രഖ്യാപിച്ചതാണ്.ഇനി
അതിനു മാറ്റമില്ല.നിന്റെ
ആഗ്രഹങ്ങൾക്ക്
അനുസരിച്ച് ഇനി എന്നെ
കൊണ്ടുപോകാമെന്ന്
കരുതണ്ട.മാത്രമല്ല,
മാധുര്യയുടെ അമ്മ
അവൾക്കുവേണ്ടി
സ്ഥാപിച്ചതാണ് ഈ
സ്തംഭം."
അത് കേട്ടപ്പോൾ ആ
സ്ത്രീ ഞെട്ടിപ്പോയി.
പിന്നെ ഒരക്ഷരം
മിണ്ടിയില്ല,കല്യാണദിവസ
ം വന്നു. മാതുലി
വിവാഹം ചെയ്യാൻ
യാചകരുടെ സംഘം
വരുന്നതും കാത്ത്
അയൽക്കാരും
ബന്ധുക്കളും നിന്നു.
അപ്പോൾ ദൂരെ നിന്നും
വാദ്യ വൃന്ദങ്ങളുടെ നാദം
കേട്ടു. വരന്റെ സംഘത്തെ
അകലെ കാണാനായി.
" തെണ്ടികളാണെങ്കിലും
മാന്യമായാണല്ലോ
വരുന്നത്!"
ആൾക്കാർ
പരിഹാസത്തോടെ
ഇങ്ങനെ ഓരോന്നും
പറഞ്ഞുകൊണ്ടിരിക്കെ
വരനും കൂട്ടരും
വീടിനടുത്ത് എത്തി.
കുതിരപ്പുറത്ത് നിന്ന്
ഇറങ്ങിയ ആ വരനെ
കണ്ട് എല്ലാവരും
ഞെട്ടി,അത് ആ
രാജ്യത്തെ
രാജാവായിരുന്നു.
യാചകനായി വന്നത്
രാജാവായിരുന്നു എന്ന്
അപ്പോഴാണ്
എല്ലാവർക്കും
മനസ്സിലായത്.
രണ്ടാനമ്മയ്ക്ക്

സംഭ്രമമായി.
 അവർ ഓടിച്ചെന്ന് മാധുലിയുടെ കാലിൽ വീണു:

"മോളെ ഈ അമ്മയോട് പൊറുക്കണേ....."

" അരുതമ്മേ അമ്മമാർ ഒരിക്കലും മക്കളുടെ കാലിൽ പിടിച്ചു ക്ഷമ ചോദിക്കാൻ പാടില്ല. അമ്മയുടെ എല്ലാ തെറ്റും ഞാൻ ക്ഷമിച്ചിരിക്കുന്നു. "

 വിവാഹശേഷം മാധുലി വരന്റെ കൂടെ കൊട്ടാരത്തിലേക്ക് പോയി.
 അവിടെ അവർ സന്തോഷത്തോടെ ജീവിച്ചു. അമ്മയുടെ സ്നേഹം എത്ര മഹത്തരമാണെന്ന്,അവർ മരിച്ചാൽ പോലും അത് ചൊരിഞ്ഞു കൊണ്ടിരിക്കുമെന്ന് എല്ലാവർക്കും മനസ്സിലായി.

 FATHIMA Shahanas J.M
7th B.

## ഡോക്ടർ ചന്ദ്രശേഖര വെങ്കിടരാമൻ



ഡോക്ടർ സി വി രാമൻ ഒരു മികച്ച ശാസ്ത്രജ്ഞൻ മാത്രമല്ല, സാമൂഹിക വികസനത്തിലും വിശ്വസിച്ചിരുന്നു. *1930* ൽ ഭൗതികശാസ്ത്രത്തിനും ഭാരതത്ത്നയ്ക്കുമുള്ള നോബൽ സമ്മാനം നേടി പ്രകാശം ഒരു സുതാര്യമായ പദാർത്ഥത്തിലൂടെ കടന്നുപോകുമ്പോൾ വ്യതിചലിക്കുന്ന ചില പ്രകാശം തരംഗ ദൈർഘ്യത്തിൽ മാറുന്നുവെന്ന് അദ്ദേഹം കണ്ടെത്തി. രാമൻ ഇഫക്റ്റിന്റെ ഫലമായി ഉണ്ടാകുന്ന രാമൻ സ്കറ്ററിംഗ് എന്നാണ് ഇതിനെ ഇപ്പോൾ വിളിക്കുന്നത്. ഈ പരീക്ഷണം തെളിയിക്കുന്നത് പ്രകാശം ഏകവർണ്ണം ആണെങ്കിലും തകർന്ന പ്രകാശം മോണോക്രോമാറ്റിക് സ്വഭാവമുള്ളതല്ല എന്നാണ്. പ്രകാശത്തിന്റെ രൂപം തരംഗങ്ങൾ പോലെയാണോ എന്ന് ശാസ്ത്രജ്ഞൻ ആശയക്കുഴപ്പത്തിൽ ആയപ്പോൾ ഫോട്ടോണുകൾ എന്നറിയപ്പെടുന്ന കണങ്ങളാൽ പ്രകാശം നിർമ്മിതമാണെന്ന് രാമൻ പ്രഭാവം തെളിയിച്ചു.

**ഡോക്ടർ വിക്രം അംബലാൽ സാരാഭായി**

ഇന്ത്യയുടെ ആദ്യത്തെ ഉപഗ്രഹമായ ആര്യഭട്ട വിക്ഷേപിച്ചതിന് പിന്നിലെ പ്രധാന വ്യക്തി ഡോക്ടർ വിക്രം സാരാഭായി ആയിരുന്നു. കോസ്മിക് കിരണങ്ങൾ ബഹിരാകാശത്ത് അതിന്റെ ഉറവിടം ഉള്ള ഊർജ്ജകണങ്ങളുടെ ഒരു പ്രവാഹമാണെന്ന് അദ്ദേഹത്തിന്റെ പഠനങ്ങൾ തെളിയിച്ചു. ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ ( ഐ എസ് ആ ർ ഒ) സ്ഥാപിക്കുന്നതിൽ പ്രധാന പങ്കു വഹിച്ച അദ്ദേഹം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ( ഐ ഐ എം )പോലെ അന്താരാഷ്ട്ര നിലവാരമുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കാൻ സഹായിച്ചു. *1966* പത്മഭൂഷനും, *1972* അദ്ദേഹത്തിന്റെ മരണശേഷം പത്മവിഭൂഷനും ലഭിച്ചു.

.

## ഡോക്ടർ ജഗദീഷ് ചന്ദ്ര ബോസ്

ജെ സി ബോസ് നിരവധി കഴിവുകളുള്ള ഒരു വ്യക്തിയായിരുന്നു. അദ്ദേഹം ഒരു പോളിമത്ത്,ഭൗതികശാസ്ത്രജ്ഞൻ, ജീവശാസ്ത്രജ്ഞൻ, സസ്യ ശാസ്ത്രജ്ഞൻ, പുരാവസ്തുഗവേഷകൻ, എന്നിവരായിരുന്നു. റേഡിയോ സിഗ്നലുകൾ കണ്ടെത്തുന്നതിന് അർദ്ധജാലക ജംഗ്ഷനുകൾ ആദ്യമായി ഉപയോഗിച്ച വ്യക്തിയാണ് അദ്ദേഹം.അങ്ങനെ ആദ്യമായി വയലൻസ് ആശയവിനിമയം പ്രകടമാക്കി.തന്റെ സൃഷ്ടിയുടെ പേറ്റൻഡ് എടുക്കുന്നതിൽ അദ്ദേഹം വളരെ വിമുഖനായിരുന്നു. അതിനാൽ അദ്ദേഹം നിരവധി കണ്ടുപിടിത്തങ്ങൾ നടത്തുകയും മറ്റുള്ളവർക്ക് കൂടുതൽ വികസിപ്പിക്കുന്നതിനായി അത് സൗജന്യമായി ലഭ്യമാക്കുകയും ചെയ്തു. ചെടികളുടെ വളർച്ചയിലെയും പരിക്രമണ ചലനത്തിന്റെയും ഒരു മില്ലിമീറ്ററിന്റെ ദശലക്ഷത്തിൽ ഒരംശം പോലും രേഖപ്പെടുത്താൻ കഴിയുന്ന 'ക്രെസ്കോഗ്രാഫ്' കണ്ടുപിടുത്തത്തിലൂടെ അദ്ദേഹം പ്രശസ്തനാണ്. സസ്യങ്ങളിൽ സ്രവം മുകളിലേക്ക് നീങ്ങുന്നത് ജീവനുള്ള കോശങ്ങൾ മൂലമാണെന്ന് അദ്ദേഹം തെളിയിച്ചു.

സിൽവാന ജാസ്മിൻ 9th b



## അസ്തമയ സൂര്യൻ

അസ്തമയ സൂര്യൻ
കടലമ്മതൻഅടിത്തട്ടിലേക് മായുന്നു.
രാത്രിതൻ കൂരിരുൾ വീഴുന്ന വേളയിൽ
എങ്ങും നിശബ്ദത
പരന്നു....... കടൽ തിരമാലകൾ ശാന്തമായി
ഒഴുകുന്നു.......
ചെറുകാറ്റ് വീശുന്നു...... നാളെയുടെ പുലരിയെ
വരവേൽക്കുവാനായി
വീണ്ടും ഒരു അസ്തമയം കൂടി.... രാത്രിതൻ
വേവലാതികളും
പുലരിതൻ പ്രതീക്ഷകളും നാളെയുടെ
കിനാക്കളും
ഒരു മൂവന്തിയിൽ സമാഗമിക്കുന്നു......
ആദിത്യൻ ആയിലേക്കിറങ്ങി
ഈ സന്ധ്യയാമങ്ങളിൽ വിടവാങ്ങി.....കൂട്
തേടുന്ന പക്ഷികൾ,
പഥികരും.......

അനന്തശ്രീ കെ എ 6th c

# HORROR STORY

It was a dark and Stormy night and jane was home alone. as she sat on her coach. Watching TV she heard is strange noise coming from upstairs. Thinking it was just wind, she ignored it and tried to focus on the movie. But the noise continued, growing louder and more persistant finally, she couldn't take it anymore and decided to investigate. She climbed tha stairs and continuously approached to her bedroom. Suddenly the door slammed shut be kind her trapping her inside sample fambled for the door knob she heard it chilling whisper in her ear " I Have Be Waiting For You"

FATIMATHU Hasbia 7th D.



**How Technology Affect Us**

Technology place a vital role in every person's life. In our everyday life we encounter numbers Technologies. IT has made day- to- day life much easier than before. It has enabled us to do things faster and more efficiently. Technology has revolutionised our daily lives by giving us access to amazing tool and resources. Modern technology has paved the way for multifunctional devices. Which are faster more pertable,high powered, and user friendly. Technology has changed how we can entertain ourselves, interact with each other, and consume all type of information. On the other hand Technology has made as indent and which never encourages us to do something new. After the growth of Technology, rather than thinking on our own. search on the Internet an quickly find an answer. Some how or can say that Technology has really affected our creativity. We cannot imagine a single day without it. We are so much stuck to our smartphones that, they can't think of anything without it. This is something that never allows you to progress. Modern technology has replaced many human jobs, machines and robots are doing the same work that humans do.

SANA. T. FAISAL 6th C.



# DAFFODILS

' I wanted lonely as a cloud
That's floats on high over vales and hills
Then all at once I saw a crowed,
A host, of Golden Daffodils
Beside the lake, beneath the trees
Fluttering and the dancing in the breeze.
Continuous as the stars that Shine
And Twinkle on the Milky Way
They stretched in a never - ending line.
Along the margin of a bay ;
Ten thousand saw i at a glance,
Tossing their heads in sprightly dance.
The Waves beside them danced, but
They out did the sparkling waves in glee.'

AYANA. N.M 8th C.



വൈജയന്തി

അവളെ ഞാൻ ആദ്യമായിട്ട് കാണുന്നത് ബസ്റ്റോപ്പിൽ വെച്ചായിരുന്നു. പതിവുപോലെ കോളേജിലേക്ക് ഇറങ്ങിയതായിരുന്നു എന്നാൽ ആദ്യത്തെ ബസ് കിട്ടിയില്ല. അങ്ങനെയിരിക്കുമ്പോൾ ആണ് ദൂരെ നിന്നും അവൾ വരുന്നത് ഞാൻ കണ്ടത്. പതിയെ അവൾ എന്റെ മുൻപിൽ വന്നുനിന്നു. ആദ്യകാഴ്ചയിൽ തന്നെ എനിക്ക് അവളെ ഇഷ്ടമായി. ദൂരെ നിന്നും അവളുടെ വരവ്, മധുരമായ ശബ്ദം,എല്ലാം എനിക്ക് ഒരുപാട് ഇഷ്ടപ്പെട്ടു. അന്ന് ഞാൻ കോളേജിൽ വളരെ   വഴുകിയാണ് എത്തിയത്. നേരം വഴുകി വന്നതുകൊണ്ട് അധ്യാപകൻ എന്നെ ക്ലാസിന് പുറത്തു നിർത്തി. പിന്നീട് ഓരോ ദിവസവും എനിക്ക് അവളെ പറ്റിയുള്ള ചിന്തകളായിരുന്നു. അവളെ കാണാൻ വേണ്ടി ഞാൻ എന്നും നേരം വഴുകി വരുന്നത് കണ്ട് എന്റെ ഇംഗ്ലീഷ് അധ്യാപകൻ എന്നെ വഴക്കുപറഞ്ഞു. സാറ് ക്ലാസ്സിൽ എത്ര മനോഹരമായിട്ടാണ് ക്ലാസ് എടുക്കുന്നത്, എന്നാൽ അപ്പോഴും എന്റെ മനസ്സ് ആ റോഡിൽ കുടുങ്ങിക്കിടക്കുകയായിരുന്നു. അധ്യാപകന്റെ വഴക്കുകാരണം ഞാൻ പിന്നീട് കോളേജിലേക്ക് നേരത്തെ പോകാൻ ആരംഭിച്ചു. അന്ന് തൊട്ട് കരയിൽ പിടിച്ചിട്ട മീനിന്റെ അവസ്ഥയായിരുന്നു എനിക്ക്. ഓരോ ദിവസവും വളരെ ദുഃഖത്തോടു കൂടി ആയിരുന്നു

കടന്നുപോയിക്കൊണ്ടിരുന്നത്. അങ്ങനെ ഒരിക്കൽ ഞാൻ അവളെ കാണാൻ വേണ്ടി ബസ്സ്റ്റോപ്പിൽ കാത്തിരുന്നു.പക്ഷേ അവളെ കണ്ടില്ല.നിറഞ്ഞ കണ്ണുകളുമായി ഞാൻ മടങ്ങുമ്പോൾ ആണ് ദൂരെനിന്നും അവളുടെ ശബ്ദം ഞാൻ കേൾക്കുന്നത്. അവൾ എന്റെ മുൻപിൽ വന്നു നിന്നു. അന്ന് ഞാൻ മനസ്സിലാക്കി അവളുടെ പേര് വൈജയന്തി. പിന്നീട് ഒരു ദിവസവും ഞങ്ങൾ തമ്മിൽ വളരെ നല്ല ആത്മബന്ധമായിരുന്നു. അങ്ങനെ ഒരു ദിവസം ഞാൻ അവൾക്കുവേണ്ടി കാത്തിരിക്കുകയായിരുന്നു. എന്നാൽ അവൾ വന്നില്ല. ഏറെ ദുഃഖത്തോടെ ഞാൻ മടങ്ങി.

അന്ന് ഉച്ചയ്ക്ക് ഞാനും എന്റെ കൂട്ടുകാരും കാന്റീനിൽ ഇരിക്കുകയായിരുന്നു. അപ്പോഴാണ് എന്റെ ഒരു കൂട്ടുകാരൻ ഓടികിതച്ചുകൊണ്ട് എന്നോട് അത് വന്നു പറയുന്നത്, വൈ ജയന്തിക്ക് അപകടം സംഭവിച്ചു എന്ന്. ഞാൻ അവിടെനിന്ന് അവളെ കാണാൻ ഓടുകയായിരുന്നു. സത്യത്തിൽ ഞാൻ ഓടുകയല്ല അന്തരീക്ഷത്തിൽ പറക്കുന്നതുപോലെയായിരുന്നു. ഒടുവിൽ ഞാൻ അവിടെ എത്തി, അങ്ങനെ ഞാൻ ആ വേദനിപ്പിക്കുന്ന കാഴ്ച നിറകണ്ണുകളോടെ സ്വീകരിച്ചു, അപകടം പറ്റി വർക്ക് ഷോപ്പിന്റെ ഒരു മൂലയിൽ പൊട്ടിപ്പൊളിഞ്ഞുകിടക്കുന്ന വൈജയന്തി , എന്റെ സ്വന്തം വൈജയന്തി ട്രാവൽസ്.

അക്ഷയ . പി. എസ് 9C



# The Honest cow and Tiger

Once upon a time, there lived a cow in a farmer's shed with her child. She was used to go jungle for grazing. She was returning to her shed in the evening when she returned her calf used to drink milk.

One day the cow had gone to the forest for grazing. That day a tiger caught her on the way of the jungle. The tiger wanted to kill the cow and eat.The cow made a request to the tiger. She said to the tiger "my hungry child is waiting for me."I will feed my calf and I promise that I will come back for your meal. At first the tiger did not believe, but later he...

The cow returned to her shed and she gave milk to her child. Then she headed silently towards jungl

Sreenandha.C.V 9.A



# Poem on Nature

Everything is nature
God gave us this feature.
Birds fly in the sky
and mountains are so high.
Trees are green
and water so clean.
We are only harming it,
But it never betrys.
It always give us right way
Please leave it us
Don't try to play with it....

Sreya.N.S 8.C

# SHORT STORY



## A GOOD BOY

------------

The boy helped the old woman. He led her across the road. He did a good deed. He was happy. He said, "I helped Somebody's Mother. So. Somebody will help my mother in her old age! Dear God! Be kind to this Good boy" said the old woman in her prayer.

Sreya NS 8-C



# FARMER and SNAKE

Once a winter morning a farmer saw a snake frozen with cold. That farmer was very kind hearted and could not see anybody in helpless condition. He took pity on the snake, put it in a basket and brought it home. He put it near fire in the kitchen. After snake opened its eyes and moved here and there.The farmer's children were also watching all this with great interest. Suddenly, the snake attacked one of his sons, but he quickly ran away. Seeing all this, the farmer brought a stick and killed it on the spot.

Ayana.N.M. 8.C



പ്രസംഗം

## സമയത്തിന്റെ വില

മാന്യസദസ്സിന് നമസ്കാരം....
ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ,
ടീച്ചേഴ്സ്,എന്റെ പ്രിയപ്പെട്ട കൂട്ടുകാരെ...
ലോകത്ത് എല്ലാവർക്കും ഒരുപോലെ ലഭിക്കുന്ന ഒരു വിഭവമേ ഉള്ളൂ "സമയം".ആ സമയത്തിന്റെ വിലയെക്കുറിച്ചാണ് ഞാൻ ഇന്ന് പറയാൻ പോകുന്നത്. സമയം ആർക്കുവേണ്ടിയും കാത്തിരിക്കില്ല.ഈ ലോകത്ത് ആർക്കും സമയത്തെ നിയന്ത്രിക്കാൻ ആവില്ല. അതുകൊണ്ട് സമയത്തെ ഫലപ്രദമായി ഉപയോഗിക്കുക മാത്രമാണ് വഴി. കുട്ടികളായ നമുക്ക് സമയം ക്രമീകരിക്കുവാൻ എന്താണ് ചെയ്യുവാൻ സാധിക്കുക? പഠിക്കുവാനും, കളിക്കുവാനും, ഹോംവർക്ക് ചെയ്യുവാനും നാം കൃത്യമായി സമയം കണ്ടെത്തണം.കൊറോണ ഒമിക്രോൺ തുടങ്ങിയവ മൂലം ഓൺലൈൻ ക്ലാസുകൾ ആക്കിയ സമയത്ത് നാം കൃത്യസമയത്ത് അതിൽ പങ്കെടുക്കാൻ തയ്യാറായി.അങ്ങനെ ചെറുപ്രായത്തിൽ തന്നെ സമയത്തിന്റെ വില മനസ്സിലാക്കി നാം വളർന്നു.ഇത്രയും പറഞ്ഞു കൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.
നന്ദി നമസ്കാരം

ഫിദ ഫാത്തിമ 8.D



# जिंदगी

------------

क्या कहूं क्या लिखूं
दिल कुछ अजीब सा आज
गुमसुम है मौसम भी
भरा सा है दिल भी
आंखों में आंसू नहीं
दिल को चैन नहीं
जीवन में खुशी नहीं
बदलते दिन यह रात
बदलता मौसम भी
कब बदलेगी जिंदगी ।

Lissy Janet Jacob

(Teacher)



# LITTLE KITE

Kerala infrastructure and technology for education is a State owned special purpose company under department of
General education of the government of kerala. It was
Developed to support ICT enable for school in kerala. The erstwhile IT @school project was transformed into KIte for extending its scope of operation in August 2017 kite was the first Spv (special purpose vehicle).Infrastructure and investment foot bord.

Bhagya suresh
9A

# Profile of Vaikom Muhammed Basheer



( 21 January 1908 - 5 July 1994 ) known as Beypore Sulthan.Indepenc activist and writer of Malayalam literature.He was a writer, Human freedom fighter, Novelist and Short story writer noted for his path-breaking, down-to-earth style of writing that made him equally popular among critics as well as the common man. His notable works includes Balyakalasakhi , Shabdhangal , Pathummayude aadu , Mathilukal and Janmadhinam etc and the translations of his works into other languages have earned him world wide acclaim. The Government of india awarded him the fourth highest civilian honor of the padmashri in 1982.

He was also a recipient of the sahitya academy, the kerala state film award for best story.

Sreenandha.C.V 9.A

## ലാവോസിയർ

ആധുനിക രസതന്ത്രത്തിന്റെ പിതാവായി അറിയപ്പെടുന്ന ഫ്രെഞ്ച് ശാസ്ത്രജ്ഞനായിരുന്നു ആന്റൺ-ലോറന്റ് ഡി ലാവോസിയർ. രസതന്ത്രത്തെ ആൽക്കെമിയിൽ നിന്നും ഫ്ലോഗിൻസ്റ്റൺ സിദ്ധാന്തത്തിൽ നിന്നും മോചിപ്പിച്ച് ഒരു ശാസ്ത്രശാഖയുടെ കൃത്യതയും വ്യക്തതയും സാർവത്രിക ശൈലിയും നൽകിയത് ആന്ത്വാൻ ലാവോസിയാണ്. അദ്ദേഹത്തിൻറെ വാക്കുകളിൽ "വസ്തുതകൾ, അവയെ പ്രതിനിധീകരിക്കുന്ന ആശയങ്ങൾ, ആ ആശയങ്ങളെ പ്രകടിപ്പിക്കാനുള്ള ഭാഷ ഇവ മൂന്നും ഏതു ശാസ്ത്രശാഖക്കും അത്യന്താപേക്ഷിതമാണ്.ലവോസിയെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനായിരുന്നു. ശാസ്ത്രജ്ഞനെന്ന നിലക്ക് വിവിധ വിഷയങ്ങളിൽ ഉപദേഷ്ടാവായിരുന്നു. മാത്രമല്ല കാർഷിക നികുതി പിരിക്കാനുള്ള കുത്തക ലാവോസിയെക്കു പങ്കാളിത്തമുള്ള കന്പനിയുടേതായിരുന്നു. ഫ്രെഞ്ചു വിപ്ലവം ഭീകര വാഴ്ചയായി പരിണമിച്ച കാലത്ത് സാന്പത്തികമായി ഉപരിവർഗത്തിൽപ്പെട്ടവനും നികുതി പിരിവുകാരനുമെന്ന നിലക്ക് ലാവോസിയെ രാജപക്ഷാനുഭാവിയെന്ന് മുദ്ര കുത്തപ്പെട്ടു. പിന്നീട് അഴിമതിയാരോപണങ്ങൾ ചുമത്തി അറസ്റ്റു ചെയ്യപ്പെടുകയും ഗില്ലറ്റിനിൽ വധിക്കപ്പെടുകയും ചെയ്തു.

riswana fathima 9 B

കഥ,മലയാളം
------------------------

ഒരു ദിവസം ഭക്ഷണം കഴിച്ചിട്ട് ബാക്കി വരുന്ന ചോറ് അടുക്കളപ്പുറത്തുള്ള തെങ്ങിന്റെ ചുവട്ടിൽ കൊണ്ടുപോയി കളയുന്ന അമ്മയോട് അച്ഛൻ ദേഷ്യത്തോടെ ചോദിക്കുമായിരുന്നു ആവശ്യമുള്ളത് വച്ചുണ്ടാക്കിയാൽ പോരേന്ന്. അടുക്കളയിലെ ചുമരിൽ തൂക്കിയിട്ട തട്ടിലെ മല്ലി പത്രവും, മുളകുപാത്രവും, ചായപ്പൊടി പാത്രവും, പഞ്ചസാര പാത്രവും, ഇടയ്ക്കിടെ തുറന്നു നോക്കി അച്ഛൻ ചോദിക്കുമായിരുന്നു കഴിഞ്ഞ ദിവസമല്ലേ ഇതൊക്കെ വാങ്ങിയത്, ഇത്ര പെട്ടെന്ന് തീർന്നൊന്ന്.മഴക്കാലത്ത് ഷർട്ടിന്റെ പുറകിലേക്ക് ചളി തെറിപ്പിക്കുന്ന ഹവായി ചെരുപ്പിന് പകരം ഒരു പ്ലാസ്റ്റിക് ചെരിപ്പ് വാങ്ങി തരുമോ എന്ന് ചോദിച്ചപ്പോൾ അച്ഛൻ എന്നോട് പറഞ്ഞു സൂക്ഷിച്ചു നടന്നാൽ ഹവായ് ചെരുപ്പ് ആണെങ്കിലും ഷർട്ടിൽ ചെളി തെറിപ്പിക്കാതെ വീട്ടിലെത്താമെന്ന്.

കടയിൽ സാധനം വാങ്ങാൻ പറഞ്ഞു വിടും നേരം എന്റെ കയ്യിൽ തരാൻ പോകുന്ന നോട്ടുകൾക്കിടയിൽ കണക്കിൽ പെടാത്ത നോട്ട് വല്ലതും പിടിച്ചിട്ടുണ്ടോ എന്നറിയാൻ അച്ഛൻ പലവട്ടം തിരിച്ചും മറിച്ചും എണ്ണി നോക്കി എനിക്ക് വേണ്ടി. പലപ്പോഴും കുമ്പളത്തിൽ നിന്നും മത്തനിൽ നിന്നും ചേനയിൽ നിന്നും നൂറു ഗ്രാം വീതം മുറിച്ചെടുക്കുമ്പോൾ കടക്കാരന്റെ മുഖത്തൊരു പരിഹാസ ചിരി വിരിയാറുണ്ടായിരുന്നു.

കണക്കുകൂട്ടി സാധനങ്ങളുടെ കാശ് കൊടുത്താൽ പിന്നെ ഒരു മുട്ടായിക്കുള്ള കാശ് പോലും ബാക്കി തരില്ലെന്ന് അറിയാമായിരുന്നു.മുട്ടായി ഭരണിയിൽ

നോക്കി വെള്ളമിറക്കി ആശ്വാസം കണ്ടെത്തുമായിരുന്നു ഞാൻ. ആറ്റുനോറ്റ് വരുന്ന ഓരോ ഓണത്തിനും കോടിയെടുത്തപ്പോൾ എനിക്കും ഏട്ടനും ഒരേ നിറത്തിലുള്ള ഷർട്ടിന്റെ തുണിയെടുക്കാമായിരുന്നു. ദിവ്യറ നിറമുള്ള തുണി ആയിരുന്നെങ്കിൽ മക്കൾക്ക് അങ്ങോട്ടുമിങ്ങോട്ടും മാറ്റി മാറ്റി ഉടുത്തൂടായിരുന്നു എന്ന് അമ്മയുടെ ആ ചോദ്യത്തിന് മാത്രം ഒരിക്കലും ഉത്തരം കിട്ടിയിരുന്നില്ല. ആദ്യമായി ജോലിക്ക് പോകും നേരം ഞാൻ അമ്മയുടെ കാലിൽ തൊട്ടാണ് അനുഗ്രഹം വാങ്ങിയത് അച്ഛൻ ആ സമയം പറമ്പിൽ എന്തോ പണിയിലായിരുന്നു ഒരു ദിവസം കോലയിൽ കിടന്ന് എന്റെ ഷൂ അച്ഛനെടുത്ത് തിരിച്ചും മറിച്ചു നോക്കുന്നത് കണ്ടു ജീവിതത്തിൽ ഇന്നേവരെ ചെരിപ്പിടാത്ത അച്ഛന്റെ മുഖത്തപ്പോൾ കൗതുകമായിരുന്നു. ആദ്യത്തെ ശമ്പളം ഞാൻ കൊണ്ട് കൊടുത്തത് അമ്മയുടെ കയ്യിലായിരുന്നു അമ്മയോട് മാത്രം യാത്ര ചോദിച്ച് ഇറങ്ങുന്ന ദിവസങ്ങളിൽ പലപ്പോഴും മൂകസാക്ഷിയായി കോലായിൽ അച്ഛൻ അച്ഛൻ ഇരിപ്പുണ്ടാവാറുണ്ട്. മെല്ലെ മെല്ലെ അച്ഛന്റെ ഗൃഹനാഥ പട്ടം ഞാനിങ്ങ് എടുക്കുകയായിരുന്നു. കൈയും കടക്കും ഇല്ലാതെ ഞാൻ വാങ്ങിക്കൂട്ടിയ പച്ചക്കറികളും പലഹാരങ്ങളും ചീഞ്ഞും പഴകിയും അടുക്കളയിൽ കിടക്കുന്നത് പതിവായിരുന്നു. അത് കണ്ട് ആദ്യമാദ്യം ഒക്കെ ദേഷ്യപ്പെടുമായിരുന്നു അച്ഛൻ പിന്നീട് ഒന്നും പറയാതെയായി. 11മണിക്ക് ശേഷം അനാവശ്യമായി കത്തുന്ന ബൾബ് എല്ലാം അണച്ചിട്ട് പോവാറുള്ള അച്ഛൻ പിന്നീട് ആ വഴി വരാതെയായി.

അച്ഛന്റെ പിറകിൽ നിന്ന് സ്വതന്ത്രനായ ഞാൻ ശരിക്കും വീട്ടു ഭരണം ആസ്വദിക്കുകയായിരുന്നു. പതിയെ പതിയെ അച്ഛൻ ആ വീട്ടിൽ തീർത്തും

മൗനമായി മാറുകയായിരുന്നു. ഒരു ദിവസം ഓഫീസിൽ നിന്ന് എന്നെ കാണാൻ വന്ന സഹപ്രവർത്തകരുടെ അരികിലേക്ക് വിയർപ്പ് മണക്കുന്ന ആ പുറം കീറിയ ഷർട്ടും ഇട്ട് അച്ഛൻ പറമ്പിൽ നിന്ന് വന്ന് സംസാരിച്ചത് എന്റെ നിലയ്ക്കും വിലയ്ക്കും കുറച്ചിലായിരുന്നു ആ മുഖത്ത് നോക്കി എനിക്ക് പറയേണ്ടിവന്നു.

രണ്ടുദിവസം കഴിഞ്ഞ് ജനവാതിൽ അരികിൽ നിൽക്കും നേരം പറമ്പിൽ നിന്ന് അച്ഛൻ ആരോടും സംസാരിക്കുന്നതായി തോന്നി. പോയി നോക്കിയപ്പോൾ കണ്ടത് തൂമ്പയുമായി ഇരുന്ന് തന്നെ താനെ സംസാരിക്കുന്നതാണ്. പിറ്റേദിവസം അമ്മ പറയുന്നത് കേട്ടു അച്ഛൻ ഇപ്പോൾ രാത്രി ഉറക്കമില്ലെന്നും അലമാരയിൽ വെച്ച പഴയ പുസ്തകങ്ങൾ നോക്കി ആരോടും ഇല്ലാതെ സംസാരിക്കലാണ് പണിയൊന്നും എല്ലാം പറഞ്ഞതിനൊടുവിൽ അമ്മ എന്നെ നോക്കി വേദനയോടെ പറഞ്ഞു അച്ഛൻ എന്തോ പറ്റിയിട്ടുണ്ട്. അന്ന് വൈകുന്നേരം ജോലി കഴിഞ്ഞു വരുമ്പോൾ നേരം ഇരുട്ടിയിരുന്നു. മുറ്റത്തേക്കിറങ്ങിയപ്പോൾ കേട്ടത് തൂമ്പ നിലത്തു കൊത്തുന്ന ശബ്ദമാണ്. ചെന്ന് നോക്കിയപ്പോൾ കണ്ടത് പറമ്പിൽ തലങ്ങും വിലങ്ങും തിളച്ചു മറിച്ച് എന്തൊക്കെയോ പിറുപിറുത്തു നടക്കുന്ന അച്ഛനെയാണ്. അകത്തേക്ക് കയറിയപ്പോൾ ഭീതിയുടെ അമ്മ വന്ന എന്നെ കെട്ടിപ്പിടിച്ച് അച്ഛനെ ചൂണ്ടിക്കാണിച്ചു പൊട്ടിക്കരഞ്ഞു. സ്വന്തക്കാരിൽ നിന്നും ബന്ധുക്കാരിൽ നിന്നും അകന്ന് താമസിക്കുന്ന അച്ഛന്റെ ഒരേയൊരു ചങ്ങാതി ശങ്കരേട്ടനോട് ഞാൻ വിവരങ്ങളെല്ലാം വിളിച്ചുപറഞ്ഞു പിറ്റേന്ന് വീട്ടിലേക്ക് വന്ന ശങ്കരേട്ടൻ അച്ഛന്റെ കൂടെ കുറെ നേരം ഇരുന്നു.

അവർ രണ്ടാളും കൂടി പറമ്പിലേക്ക് എല്ലാം നടന്നു കുറേനേരം സംസാരിച്ചു. തിരിച്ചു പോകാൻ നേരം ശങ്കരേട്ടന്റെ കൈപിടിച്ച് കുറച്ചു ദൂരം നടന്നു ആരും അറിയാത്ത ആരോടും പറയാതെ എന്റെ അച്ഛന്റെ ഭൂതകാലം ശങ്കരേട്ടൻ എന്നോട് പറയുകയായിരുന്നു. പോകാൻ നേരം ചന്ദ്രേട്ടൻ ഇടറിയതോടെ പറഞ്ഞു അവന്റെ ലോകം ഈ വീടും പറമ്പും നിങ്ങളും ഒക്കെയാണ് ആ മനസ്സ് താളം തെറ്റിക്കാതെ നോക്കണേമോനേ. അങ്ങനെ വന്നാൽഈശ്വരൻ പോലും പുറത്തു തരില്ല.

ഒന്നും പറയാനാവാതെ ശങ്കർ പോകുന്നത് നോക്കി ഞാൻ നിന്നു ഒരു ഷർട്ട് ഇടാൻ മോഹിച്ചിട്ട് പട്ടാളക്കാരൻ കുഞ്ഞപ്പേട്ടന്റെ പഴയ ഷർട്ട് ഒരെണ്ണം ചോദിച്ചു വാങ്ങി വെട്ടി ചെറുതാക്കി ഉടുത്തു നടന്നിട്ടുണ്ട്. എന്റെ അച്ഛൻ വിശന്ന് വയറെരിഞ്ഞ് വറ്റെടുത്തു കുടിച്ചു വിശപ്പടക്കിയിട്ടുണ്ടത്രേ.

എന്റെ അച്ഛനെ മനസ്സിലാക്കാൻ ഇതുവരെ കഴിയാതെ പോയല്ലോ എന്നോർത്തപ്പോൾ എന്റെ മനസ്സ് നീറി പുകഞ്ഞു. അച്ഛനെ തിരഞ്ഞു ഞാൻ അകത്തേക്ക് ചെന്നു. അവിടെ കണ്ടില്ല അടുക്കള പുറത്തും ഇടനാഴിയിലും നോക്കി അവിടെയും കണ്ടില്ല ഒടുവിൽ ഞാൻ പറമ്പിലേക്ക് നടന്നു. അവിടെ കുത്തിക്കിളയ്ക്കുന്നുണ്ടായിരുന്നു. മെല്ലെ മെല്ലെ ഞാൻ അച്ഛന്റെ അരികിലേക്ക് നടന്നു അയ്യോ കാരന്റെ പഴയ ഷർട്ട് വെട്ടി ചെറുതാക്കിയിട്ട് നടന്ന ഗതികേട് എന്റെ മക്കൾക്ക് വരുത്താത്ത അച്ഛന്റെ അരികിലേക്ക് നടക്കുമ്പോൾ എന്റെ കണ്ണ് നിറയുന്നുണ്ടായിരുന്നു. അടുത്തെത്തി പുറകിലൂടെ അച്ഛനെ ഞാൻ ചേർത്തുപിടിച്ചു തിരിഞ്ഞുനിന്ന് എന്നെ നോക്കി അച്ഛന്റെ മുന്നിൽ ഞാൻ കൈകൂപ്പി നിന്ന് മാപ്പിരുന്നു.

ഒന്നെന്നെ ഈ കൈകൊണ്ട് തല്ല് അച്ചാ എന്ന് പറഞ്ഞു ആ വലം കൈയെടുത്ത് ഞാനെന്റെ മുഖത്ത് വച്ചപ്പോൾ അച്ഛനാ കൈ എടുത്തന്റെ മുടിയിലൂടെ തലോടി ചോദിച്ചു തലയിൽ എണ്ണ എന്നും ഇടാറില്ലേ അതാണോ ഇങ്ങനെ മുടിയെല്ലാം പാറിപ്പറന്ന് നിൽക്കുന്നതെന്ന്.

അച്ഛാ എന്ന് വിളിച്ചു ഞാൻ കെട്ടിപ്പിടിച്ച് പറഞ്ഞു....

രണ്ടു വഴക്കിലും ഈ മുഖത്തുനോക്കി പറയച്ഛാ എന്ന്.

ഒന്നും പറയാതെ അച്ഛൻ എന്റെ മുഖത്തേക്ക് തന്നെ നോക്കി നിൽക്കുകയായിരുന്നു. ആ കൈയിൽനിന്ന് പിടിപിടിച്ച് ഞാനാ കൈ ചേർത്തുപിടിച്ച് വീട്ടിലേക്ക് കൊണ്ടുപോയി എനിക്കറിയാമായിരുന്നു ഇങ്ങനെ ചേർത്ത് നിർത്തിയാൽ എന്റെ അച്ഛന്റെ താളം തെറ്റി മനസ്സ് പഴയതുപോലെ ആകുമെന്ന്. മക്കളാൽ ഇങ്ങനെ ചേർത്തുനിർത്തപ്പെടാൻ ഏതൊരു അച്ഛനും ആഗ്രഹിക്കുന്നുഉണ്ടാകുമെന്ന്. ഒരു കിണ്ണം കഞ്ഞി കുമ്പിളിൽ കോരിയിലേക്ക് വച്ചു കൊടുക്കുന്നതിനിടയിൽ പറയുന്നുണ്ടായിരുന്നു അച്ഛനും മതി മോനെ വയറു നിറഞ്ഞു അത് അത് കേട്ട് ഞാൻ ആഗിൽ മെല്ലെ പറഞ്ഞു മുഴുവൻ കഴിച്ചോ ബാക്കിയാക്കി കഞ്ഞി എന്നും പറഞ്ഞ് അമ്മ ആ തെങ്ങിൻ ചോട്ടിൽ കൊണ്ടുപോയി കളയുമെന്ന്.

അത് കേട്ട് അച്ഛൻ ഓരോ കുമ്പിളും ആവേശത്തോടെ കോരി കുടിക്കാൻ തുടങ്ങി.

AKHINAYA V. N
8th D.

## മെൻഡലീവ് ആവർത്തന പട്ടിക

നമ്മുടെ ആവർത്തന പട്ടികയിൽ *118* ഘടകങ്ങൾ ഉണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാം. ഈ *118* മൂലകങ്ങളിൽ *94* മൂലകങ്ങൾ സ്വാഭാവികം മൂലകങ്ങളും *24* മൂലകങ്ങൾ കൃത്രിമ മൂലകങ്ങളും ആണ്. *1800* ൽ *30* ഘടകങ്ങൾ മാത്രമേ അറിയപ്പെട്ടിരുന്നുള്ളൂ.കൂടുതൽ കൂടുതൽ മൂലകങ്ങളുടെ കണ്ടുപിടുത്തത്തോടെ മൂലകങ്ങളെയും അവയുടെ സവിശേഷതകളെയും ഓർമിക്കുന്നത് ശാസ്ത്രജ്ഞർക്ക് ഭാരമായിരുന്നു.മൂലകങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കാനും അവയെ തരം തിരിക്കാനും അവർ തുടങ്ങി. മൂലകങ്ങളെ അവയുടെ ഗുണങ്ങൾക്ക് അനുസരിച്ച് പട്ടിക രൂപത്തിൽ തരംതിരിക്കുന്നത് ജനപ്രിയമായി. വിവിധ മൂലകങ്ങളെ അവയുടെ ഗുണങ്ങൾക്ക് അനുസരിച്ച് ക്രമീകരിച്ചിരുന്ന പട്ടിക രൂപഘടന, 'ആവർത്തന പട്ടിക' എന്നറിയപ്പെടുന്നു

Riswana Fathima *9* B

# കഥ

## ആമയും മുയലും



കല്ലു ആമയും മിട്ടുമുയലും ഉറ്റ ചങ്ങാതി മാരായിരുന്നു. കാട്ടിൽ അവർ ആടിയും പാടിയും രസിച്ചു നടന്നു കളികൾ ഇടയിൽ അവർ ഒരു ദിവസം
ഓട്ടപ്പന്തയം വച്ചു. ഓട്ടത്തിക്ൽ മിടുക്കനായ മിട്ടു മുയൽ വളരെ വേഗം
ഓടി. പാവം കല്ലു ആവയാകട്ടെ പതുക്കെ പതുക്കെ നടന്നു വന്നു. കറച്ച് ദുരം കഴിഞ്ഞപ്പോൾ മിട്ടു മുയൽ  കല്ലു ആമയെതിരിഞ്ഞുനോക്കി പാവം കല്ലു ആമ വളരെ പിറകിലായിരുന്നു.
കല്ലു ആമ വരുന്നല്ലേഉള്ളൂ. കല്ലു എത്തുന്നത് വരെ ഈ മരച്ചുവട്ടിൽ ഇരുന്ന് വിശ്രമിക്കാമെന്ന് മിട്ടു മുയൽ ഉറങ്ങിപോയി. ഈ സമയം കൊണ്ട് കല്ലു ആമ പതുക്കെ പതുക്കെ നടന്ന്
ഓട്ടപ്പന്തയത്തിൽവിജയിച്ചു.മിട്ടു മുയൽ ഉറക്കത്തിൽ നിന്നും ഉണർന്നപ്പോൾ കല്ലുആമയെയാണ് കണ്ടത്

Fidha fathima p   8 D

# LITTLE KITE



Kite is the Nodel agency for implementing The Edusat network and runs an exclusive channel for education called kite victors (versatile ICT enabled resourse for students ) which is aired form 6am to 11am Victors offers indirect visual classroom that enable the school student as well as the teachers directly communicate with subjects experts and educationists

Bhagya suresh
9A



# ബാല്യകാലം

ഓർമ്മതൻ
വാതായനങ്ങൾക്കുമപ്പുറം
സാന്ദ്രമാം ബാല്യകാല സ്മരണകൾ
വർണ്ണാഭമാം ഓർമ്മകൾ തിങ്ങവേ
കൺതടങ്ങളിൽ
നിർപ്പോളകളുതിരുന്നു

അനന്തശ്രീ.k.A

## സൗഹൃദബന്ധം

വഴുവനാട് യുപി സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥിനിയാണ് അശ്വിനി. സ്കൂളിലെ മറ്റു വിദ്യാർത്ഥികളെ ക്കാൾ വിവരവും പക്വതയും ഉള്ള കുട്ടി.ഒരിക്കൽ ഉച്ചഭക്ഷണത്തിനുശേഷം കൈയും മുഖവും കഴുകി വരുമ്പോൾ അശ്വിനി ചിന്തിച്ചു, ഇവിടെയെങ്ങും കണ്ടിട്ടില്ലല്ലോ ഇവരെ.അതിനുശേഷം അവൾ ക്ലാസിലേക്ക് പോയി. ക്ലാസിൽ ചെന്നപ്പോൾ കുട്ടികളെല്ലാം പുറത്തേക്ക് ഓടുന്നത് കണ്ടു. അതിൽ ഒരാളോട് അവൾ ചോദിച്ചു,  എങ്ങോട്ടാണ് എല്ലാവരും പോകുന്നത് ?.... അപ്പോൾ പറഞ്ഞു: നമുക്ക് ഹിന്ദി പഠിപ്പിച്ചിരുന്ന മാഷ് സ്ഥലം മാറിപ്പോയത്രെ പുതിയ ഒരു മാഷ് വന്നിട്ടുണ്ട് എല്ലാവരും മാഷിനെ കാണാൻ പോവുകയാണ്.അങ്ങനെ പറഞ്ഞ് ആ കുട്ടിയും ഓടിപ്പോയി.അശ്വിനി ക്ലാസ്സിൽ തന്നെ ഇരുന്നു. എന്നിട്ട് ചിന്തിച്ചു. അപ്പോൾ ഞാൻ കണ്ടത് ആ മാഷിനെയും മകളെയും തന്നെയായിരിക്കും. പിറ്റേന്ന് ക്ലാസ് ടീച്ചർ പുതിയ മാഷിനെയും മകളെയും പരിചയപ്പെടുത്തി. ഇവൾ ഇനി നമ്മുടെ ക്ലാസിലെ കുട്ടിയാണ്.പരിചയപ്പെടുത്തിയതിന് ശേഷം ആ കുട്ടി അശ്വനിയുടെ അടുത്ത് ചെന്നിരുന്നു ചോദിച്ചു, എന്താണ് പേര് ?അവൾ പറഞ്ഞു എൻറെ പേര് മാളു. അവൾ തിരിച്ചും പേര് ചോദിച്ചു, അശ്വിനി എന്ന് മറുപടി പറഞ്ഞു. പിന്നീട് അവർ തമ്മിൽ വലിയ കൂട്ടുകാരായി.

ഒരു ദിവസം ഒഴിവുസമയത്ത് മാഷ് മാളുവിന് പേന കൊടുക്കാൻ വന്നപ്പോൾ മാളു അശ്വിനിയെ

പരിചയപ്പെടുത്തി.അപ്പോൾ മാഷ് അശ്വിനിയോട് ചോദിച്ചു, മോളുടെ വീട് എവിടെയാണ്? അച്ഛൻ എന്താ ജോലി?. പെട്ടെന്ന് അശ്വിനിയുടെ കണ്ണുകൾ നിറഞ്ഞത് അയാൾ ശ്രദ്ധിച്ചു.നിറകണ്ണുകളോടെ അവൾ പറഞ്ഞു, എനിക്ക് അച്ഛനുമില്ല അമ്മയുമില്ല. അവർ ആരാണെന്ന് എനിക്ക് അറിയില്ല. ഞാൻ താമസിക്കുന്നത് അനാഥാലയത്തിലാണ്.അപ്പോൾ മാഷ് പറഞ്ഞു, മോള് ക്ഷമിക്കണം. മോൾക്ക് വിഷമമായോ?. അശ്വനി പറഞ്ഞു, ഞാൻ എന്തിനാണ് വിഷമിക്കുന്നത്... എന്റെ അച്ഛനും അമ്മയ്ക്കും എന്നെ ഇഷ്ടമല്ലാത്തതുകൊണ്ടല്ലേ എന്നെ അനാഥാലയത്തിൽ ഉപേക്ഷിച്ചത്. എനിക്ക് കുറെ കൂട്ടുകാർ ഉണ്ടല്ലോ...പിന്നെ ഇവളും.അതുമതി. ഇത്രയും പറഞ്ഞ് നനഞ്ഞ കണ്ണുകൾ തുടച്ച് അവൾ ക്ലാസിലേക്ക് പോയി.ഇതെല്ലാം കണ്ടുനിന്ന മാളുവിനും മാഷിനും ദുഃഖം തോന്നി. അന്ന് വൈകുന്നേരം മാഷ് ഭാര്യയോട് അന്ന് നടന്ന കാര്യങ്ങൾ പറഞ്ഞു. അവർക്ക് അത്ര ദുഃഖമോ വിഷമമോ തോന്നിച്ചില്ല.മാളു വാശിപിടിക്കാൻ തുടങ്ങി, അശ്വിനിയെ ഇങ്ങോട്ട് കൊണ്ടുവരണം. അതിനോട് അവരുടെ അമ്മ അനുകൂലിച്ചില്ല.ഏതോ കുട്ടി..... വീട്ടിലേക്ക് കൊണ്ടുവരാൻ സമ്മതിക്കില്ല, എന്ന് അവർ പറഞ്ഞു. എന്നാൽ മാഷ് മാളുവിന്റെ കൂടെ ഉറച്ചുനിന്നു.മാളുവിന്റെ വാശിയുടെ ശക്തി കൂടി വരാൻ തുടങ്ങി. അശ്വനിയെ കൂട്ടിക്കൊണ്ടു വരാതെ വെള്ളംപോലും കുടിക്കില്ല എന്ന് അവൾ പറഞ്ഞു.ഒടുവിൽ അവളുടെ വാശിക്ക് മുമ്പിൽ

അമ്മയ്ക്ക് കീഴടങ്ങേണ്ടി വന്നു.പിറ്റേന്ന് മാളുവും അവളുടെ അമ്മയും മാഷും അശ്വിനിയെ കൂട്ടാൻ അനാഥാലയത്തിലേക്ക് ചെന്നു. അശ്വിനി മാളുവിന്റെ ഒപ്പം പോകുന്നതിനു മുമ്പ് അവിടത്തെ ഓരോ കുട്ടിയുടെയും മുഖത്ത് ശ്രദ്ധിച്ചു നോക്കി. എന്നിട്ട് അവൾ മാളുവിനോട് പറഞ്ഞു, ഇത്രയും കാലം ഞാൻ ഇവിടെയാണ് ജീവിച്ചത്.ഇവിടെയുള്ള എൻറെ കൂട്ടുകാർക്കും ആരുമില്ല. ഇതുവരെ എനിക്കും ആരും ഉണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ നിങ്ങൾ എന്നെ കൂട്ടിക്കൊണ്ടു പോവാൻ വന്നതല്ലേ.എന്നോട് സഹതാപം തോന്നിയിട്ടല്ലേ കൂട്ടിക്കൊണ്ടു പോകാൻ വന്നത്. എന്നെപ്പോലെ തന്നെയാണ് ഇവർ ഓരോരുത്തരും. അതുകൊണ്ട് ഇവരെ വിട്ടു ഞാൻ വരുന്നില്ല. ഇവരെ കൂട്ടിക്കൊണ്ടുപോവാനോ സഹതാപം തോന്നാനോ ആരുമില്ല. ഇതുകേട്ട് നിന്ന് അശ്വനിയുടെ കൂട്ടുകാർ ഓടിവന്ന് അവളെ കെട്ടിപ്പിടിച്ചു. അതുകണ്ട് മാളുവിന്റെ കണ്ണുകൾ നിറഞ്ഞു.അത് സന്തോഷം കൊണ്ടായിരുന്നു.

Anagha Aravindan 9.A

# നന്ദി

ഓർത്തു വെയ്ക്കാൻ ഒരു പിടി നല്ല
ഓർമ്മകൾ സമ്മാനിച്ച ഈ
കലാലയത്തിൽ സൗഹൃദത്തിന്റെ
മൺചിരാത് ഇവിടെ തെളിയിക്കുന്നു.
വരുംതലമുറയ്ക്ക് ഒരു തീപ്പനത്തിന്റെ
പ്രകാശമേക്കാൻ ഈ മൺചിരാതിന് .
സാധിക്കുമെന്ന വിശ്വാസത്തോടെ
സ്നേഹപൂർവ്വം

ദിൽജിത്ത് ദാസ്
9 a



## തങ്കത്താഴികക്കുടമല്ല

തങ്കത്താഴികക്കുടമല്ല
താരാപഥത്തിലെ രഥമല്ല
ചന്ദ്രബിംബം കവികൾ പുകഴ്ത്തിയ
സ്വർണ്ണമയൂരമല്ല
(തങ്കത്താഴിക..)

കസ്തൂരിമാനില്ല കല്ലോലിനിയില്ല
കല്പകത്തളിർമരത്തണലില്ല
ഏതോ വിരഹത്തിൻ ഇരുൾവന്നുമൂടുമൊ-
രേകാന്തശൂന്യതയല്ലോ - അവിടെയൊ-
രേകാന്ത ശൂന്യതയല്ലോ - ഓഓഓ...
(തങ്കത്താഴിക..)

കർപ്പൂരശിലയില്ല കദളീവനമില്ല
കാറ്റിന്റെ ചിറകടി ഒച്ചയില്ല
ഏതോ പ്രണയത്തിൻ കഥയോർത്തു
നിൽക്കുമൊ-
രേകാന്ത മൂകതയല്ലോ -അവിടെയൊ-
രേകാന്ത മൂകതയല്ലോ
(തങ്കത്താഴിക..)

Fida Fathima 8.D



## കൂട്ടുകാരെ... കൂട്ടുകാരെ

--------------------------------

കൂട്ടുകാരെ.. കൂട്ടുകാരെ
സ്കൂളിലേക്ക് പോകാം
സ്കൂളിലെത്തിയാലോന്നുമൊന്നും
രണ്ടുതന്നെയെന്നു ചൊല്ലാം
കൂട്ടുകാരെ.. കൂട്ടുകാരെ..
പല പാട്ടുകളും പാടാം
രണ്ടും രണ്ടും നാലാണെന്ന്
പാട്ടുപോൽ പഠിക്കാം
കൂട്ടുകാരെ.. കൂട്ടുകാരെ..
ടീച്ചറിനെ കാണാം
മൂന്നും മൂന്നും ആറാണെന്ന്
ഒത്തുചേർന്നു പാടാം
കൂട്ടുകാരെ.. കൂട്ടുകാരെ...
ഓടിച്ചാടിപ്പോകാം
നാലും നാലും എട്ടാണെന്ന്
എല്ലാരോടും ചൊല്ലാം
കൂട്ടുകാരെ... കൂട്ടുകാരെ..
കൂട്ടുകൂടി പോകാം
അഞ്ചുമഞ്ചും പത്താണെന്ന്
തഞ്ചിമായിപ്പാടാം!

Jyothika. V
6.C

## English Club Inauguration

Our inauguration started with a beautiful prayer of 9.C class. The club was inaugurated by Mr. Shaji.M, the District coordinator of Hello English programme. He is a state resource person, member of Textbook preperation team of SCERT Kerala and the Facilitator of the creative drama camps. Our respected Head master Manoj Kumar sir presided over the function. Asha teacher and Aji Kumar sir gave falicitations. Introduction was done by Sini Teacher. Welcome speech was done by Adwaid of 10th standard.

Shaji sir was a good entertainer as well as a good friend. He gave many entertaining games to us. After all the games, he selected one or two children and asked their opinions and suggestions, whether they liked the games or not. We gained knowledge through fun. We got confidence to speak in English in public. He played flute for us. It was very heart touching. We played many games from morn till evening.

1. There were more than seven games. First we played clapping challenge. There

were four groups. He gave time for us, and we practiced clapping with different tunes and actions and he selected the best.

2. He split us as two teams and he gave a red stick to one team and green stick to another team and he asked us the features of that stick. We were not allowed to repeat the same feature. All the members in the team must say different features. It was a difficult game for us.

3. The next game was, to take the stick and beat in a chair. the team which completed first was the winner.

4. The next game was passing the stick.When the music was stopped the person who had the stick had to talk in english.

5. The last game was an interesting one where five teams were involved.Each one is given a theme,like marrage function etc.All of us enjoyed it thoroughly. We had to explain about our character. Our favourite game was the still model. It was an unforgettable day in our life and we presented a request before Shaji sir for another session.Thanks to all those who worked behind it.

IT QUIZ

---

1) കേരളത്തിലെ ആദ്യത്തെ സമ്പൂർണ്ണ വിദ്യാഭ്യാസ ചാനൽ ഏതാണ്?

2) കമ്പ്യൂട്ടറിന്റെ പിതാവ് എന്നറിയപ്പെടുന്നതാര്?

3) ICT യുടെ പൂർണ്ണരൂപം എന്താണ്?

4) EMAIL എന്ന വാക്കിൽ E എന്താണ് അർത്ഥമാക്കുന്നത്?

5) പവർ ഓഫ് ചെയ്യാതെ കമ്പ്യൂട്ടർ റീസ്റ്റാർട്ട് ചെയ്യുന്നതിന് എന്താണ് പറയുക?

6) രൂപയുടെ ₹ ഈ ചിഹ്നം രൂപകൽപ്പന ചെയ്ത എഞ്ചിനീയർ ആരാണ്?

7) ഫിറ ലോകകപ്പ് ഏത് കളിയുമായി ബന്ധപ്പെട്ട് കിടക്കുന്നു?

8) DTH എന്നതിന്റെ പൂർണ്ണരൂപം എന്താണ്?

-----

ANSWERS :

1) VICTERS

2) ചാൾസ് ബാബേജ്.

3) Information and Communication Technology.

4) electronic.

5) soft booting.

6) ഉദയകുമാർ ധർമ്മലിംഗം.

7) robotic football .

8) direct to Home.

SHADI. C. NOWFEL
7D.



**ശാസ്ത്ര കൗതുകം [നാടകം]**

----

രംഗം 1

---

[സയൻസ് അധ്യാപകൻ ക്ലാസിലെ കുട്ടികളെയും കൂട്ടി സയൻസ് ലാബിലേക്ക് പോകുന്നു.]

പോകുന്ന വഴി മൂന്നാം ക്ലാസിലെ ഒരു വിദ്യാർത്ഥി ;

ലാലു : മര്യാദയ്ക്ക് ക്ലാസ്സിൽ കിടന്നുറങ്ങിയതായിരുന്നു എന്തൊരു കഷ്ടമാണിത് ക്ലാസിൽ വന്ന് പഠിപ്പിച്ചിട്ടുണ്ടായിരുന്നു എങ്കിൽ ഒരു പിരീഡ് കൂടി എനിക്ക് ഉറങ്ങാമായിരുന്നു.

മനു : നിനക്ക് എപ്പോഴും ഒരു ഉറക്കം. ഇങ്ങനെയാണെങ്കിൽ പിന്നെ എന്തിനാ നീ സ്കൂളിലേക്ക് വരുന്നേ? ബാക്കിയുള്ളവരെ കൂടി വെറുതെ ചീത്ത കേൾപ്പിക്കാൻ............

ലാലു : ഇന്ന് അറിയാതെ ഞാൻ ഒന്നു മിണ്ടി പോയി അതിന് ടീച്ചർ വന്നു നിന്നെ ചീത്ത പറയുമെന്ന്  ഞാൻ കരുതിയോ?.

പിന്നിൽ നിന്നും ഇവരുടെ സംസാരം കേട്ടുവരുന്ന സയൻസ് അധ്യാപകൻ [ചൂരൽ കൊണ്ട് രണ്ടു പേർക്കും ചറപറേന്ന് ]

മാധവൻ[science sir ] : എന്നാടാ നിങ്ങൾക്ക് ഇത്ര സംസാരിക്കാൻ ഉള്ളത്?

ലാലു : സാറേ ഞാനല്ല ഈ മനുവാണ് വെറുതെ വന്ന് സംസാരിക്കുന്നത് ഞാൻ ഒന്നും മിണ്ടിയില്ല.

മനു : അയ്യോ സാറേ... ഞാൻ ഒന്നും പറഞ്ഞില്ല അവനാണ് എന്റെ അടുത്ത് വന്ന് സംസാരിക്കുന്നത്.

മാധവൻ sir : മതി നിർത്തിക്കോ രണ്ടുപേരും. വായടച്ച് വരിയായി പോക്കോ....

[ രണ്ടുപേരും ഒന്നും മിണ്ടാതെ വരിയായി എല്ലാവരുടെയും കൂടെ നടന്നുപോയി]

രംഗം 2

---

[ സാറും കുട്ടികളും സയൻസ് ലാബിലേക്ക് കയറുന്നു. കുട്ടികൾ ആവേശത്തോടെ അവിടെയുള്ള ഒരു ടേബിളിന്റെ ചുറ്റും വന്നു നിൽക്കുന്നു.]

മാധവൻ സാർ : എല്ലാവരും അവിടെയിരുന്നേ.ഒച്ചപ്പാട് ഒന്നും ഉണ്ടാക്കാതെ ഇരുന്നാൽ സാറൊരു മാജിക് കാണിച്ചു തരാം.

[ കുട്ടികൾ ആവശ്യത്തോടെ ശബ്ദം ഒന്നുമുണ്ടാക്കാതെ അടങ്ങിയിരിക്കുന്നു സയൻസ് അധ്യാപകൻ അലമാരയിൽ നിന്നും കുറച്ചു സൊല്യൂഷൻസ് എടുത്തിട്ടു വരുന്നു.]

മാധവൻ സാർ : ആരും തട്ടല്ലേ അങ്ങ് മാറി നിന്നെ എല്ലാവരും. ദേഹത്തൊന്നും ആക്കണ്ട.

[ സാറ് പിന്നീട് ചെയ്യാൻ പോകുന്ന പരീക്ഷണത്തെ കുറിച്ച് പറയുന്നു. അതിനുശേഷം അത് കുട്ടികൾക്ക് കാണിച്ചു കൊടുക്കുന്നു.]

മാധവൻ സാർ : നിർവീകരണം ആണ് ഇന്ന് ക്ലാസ്സിൽ പറയാൻ പോകുന്നത്. അത് തിരിച്ചറിയാൻ വേണ്ടി ഒരു പരീക്ഷണം നമ്മൾ ചെയ്യാൻ പോവുകയാണ്. സൂക്ഷിച്ച് ഇരുന്ന് കണ്ടോണം നാളെ ഞാൻ നിങ്ങളോട് ചോദ്യം ചോദിക്കും. ചിലപ്പോൾ കാണിച്ചു തരേണ്ടിവരും ഈ പരീക്ഷണം.

[എല്ലാ കുട്ടികളും ശ്രദ്ധയോടെ സാർ ചെയ്യുന്നത് നോക്കി നിന്നു. സാർ ഓരോ ട്യൂബുകൾ എടുത്ത് അതിൽ നിറച്ചവയെ കുറിച്ച് പറയുന്നു.]

മാധവൻ സാർ : ഞാനിവിടെ മൂന്ന് ട്യൂബുകൾ ആണ് എടുത്തിട്ടുള്ളത് ആദ്യത്തെ ട്യൂബിൽ രണ്ടുതുള്ളി ഫിനോഫ്തെലിൻ ( phenophthalein ) എടുത്തിട്ടുണ്ട്. രണ്ടാമത്തേതിൽ അസിഡിറ്റിക് നേച്ചറിൽ ഉള്ള ഒരു സൊല്യൂഷൻ നേർപ്പിച്ച് എടുത്തിട്ടുണ്ട്.

[ സാർ കുട്ടികളെ കൊണ്ടുവന്ന് എല്ലാ സൊല്യൂഷൻസിനെ കുറിച്ചും പരിചയപ്പെടുത്തി. ശേഷം പരീക്ഷണം ചെയ്യാൻ തുടങ്ങി.]

മാധവൻ സാർ : ഇനി എല്ലാവരും

ശ്രദ്ധിച്ചിരുന്നോളണേ......

ലാലു : സാർ എന്തിനാ ഇതൊക്കെ നമ്മളെ കാണിച്ചിട്ട് എനിക്ക് കിടന്നുറങ്ങണം.

മനു : ഞാനിനി നിന്നോട് ഒന്നും പറയാൻ വരുന്നില്ല നേരത്തെ കിട്ടിയതിന്റെ വേദന ഇതുവരെ മാറിയിട്ടില്ല.

മാധവൻ സാർ : ഞാനിവിടെ മൂന്ന് ട്യൂബിൽ മൂന്ന് സൊല്യൂഷൻസ് ആണ് എടുത്തിരിക്കുന്നത്. ഇതിൽ രണ്ടാമത്തെ ട്യൂബിലെ acidic നേച്ചറിൽ പെട്ട ഈ സൊല്യൂഷൻ ഞാൻ ആദ്യത്തെ ട്യൂബിലേക്ക് ഒഴിക്കാൻ പോവുകയാണ്.

[ സാർ ആദ്യത്തെ ട്യൂബിലേക്ക് രണ്ടാമത്തെ ട്യൂബിലെ സൊല്യൂഷൻ ഒഴിക്കുന്നു.]

ലാലു : സാറേ മാറ്റമൊന്നും സംഭവിച്ചില്ലല്ലോ?

മാധവൻ സാർ : ആ നോക്കിക്കോ ഇനിയാണ് അത്ഭുതം.

[ സാർ ആദ്യത്തെ phenolphthalein ഒഴിച്ച ട്യൂബിലേക്ക് മൂന്നാമത്തെ ട്യൂബിലുള്ള ബേസിക് നേച്ചറിലുള്ള സൊല്യൂഷൻ ഒഴിക്കുന്നു. ആ സൊല്യൂഷൻ ഒഴിക്കും തോറും ആദ്യത്തെ ട്യൂബിൽ നിറം കടുപ്പമായി കൊണ്ടിരിക്കുന്നു. ഒരു കടും റോസ് നിറം ആകുകയായിരുന്നു.

അതു കണ്ട് കുട്ടികൾ];

കുട്ടികൾ എല്ലാവരും ഒരുമിച്ച് : " ഹായ്.......... "

ലാലു : സാറെന്താ ഇതിൽ മഷി ഒഴിച്ചോ?

മനു : അവന്റെ ഒരു മഷി. മിണ്ടാതിരിയെടാ എന്നിട്ട് ഒന്ന് കാണ് ബാക്കി.

[ മാധവൻ സാർ രണ്ടാമത്തെ ട്യൂബിലെ സൊല്യൂഷൻ ആദ്യത്തെ ട്യൂബിലേക്ക് ഒഴിക്കുന്നു;

പെട്ടെന്ന് അത് ആദ്യത്തെ നിറത്തിലേക്ക് തന്നെ മാറുന്നു. വെള്ളത്തിന്റെ നിറം തന്നെ ആകുന്നു.]

ലാലു : ഏഹ്ഹ്..... അതെങ്ങനെ??

ചായ ഒന്നു കൂടി കാണിക്കുമോ? അല്ല ഇനി എന്റെ കണ്ണിന്റെ കുഴപ്പമാണോ?

മാധവൻ സാർ : വീണ്ടും കാണിക്കുന്നു.

[ബെല്ലടിക്കുന്നു]

മനു : എടാ വാടാ ഗ്രൗണ്ടിൽ പോകാം. വേഗം വാ ഇന്നും P. T കിട്ടില്ല.

ലാലു : എടാ നിക്ക് പോകല്ലേ ഇതൊന്നു കണ്ടിട്ട് പോകാം.

[ മനു ഓടിപ്പോകുന്നു പിറകെ ലാലുവും.]

രംഗം 3

–––

[ലാലുവും മനുവും ഗ്രൗണ്ടിൽ ഫുട്ബോൾ

കളിക്കുന്നു.]

ലാലു : എടാ മനു എന്ത് രസാ ഇന്ന് ലാബില് കണ്ടത് അല്ല.....

മനു : അയ്യോ.....നീ ഇതുവരെ അത് വിട്ടില്ലേ? എടാ പന്ത് നോക്ക്. ഈ കളി എങ്ങാനും തോറ്റാൽ പിന്നെ നാണം കെട്ടുപോകും.

ലാലു : ആ ശരി......
[ വീട്ടിൽ ചെന്ന് ഞാനും ഇതുപോലെ പരീക്ഷിച്ചു നോക്കും.]
ലാലു മനസ്സിൽ ചിന്തിക്കുന്നു.

രംഗം 4
---

[ലാലുവിന്റെ വീട്ടിൽ. വൈകുന്നേരം.]

[ലാലു അടുക്കളയിൽ ചെന്ന് മണ്ണെണ്ണ, തീപ്പെട്ടി, ലൈറ്റർ, ഒരു ചില്ലിന്റെ ഗ്ലാസും എടുത്ത് റൂമിലേക്ക് പോകുന്നു.]

ലാലു : ഇത് ചെയ്തു നോക്കിയിട്ട് വേണം നാളെ ക്ലാസ്സിൽ ചെന്ന് മാധവൻ സാറിനോട് ചെന്ന് പറയാൻ.

[ മണ്ണെണ്ണയും  വെള്ളവും ഒരുമിച്ച് ഒരു ചില്ല് ഗ്ലാസിൽ ഒഴിക്കുന്നു. അതേസമയം ലാലുവിന്റെ അമ്മ വരുന്നു. അമ്മയെ കണ്ട് ലാലു എല്ലാം എടുത്ത് വീടിന്റെ പുറകിലേക്ക് ഓടി.]

ലാലു : ഇന്ന് ഞാൻ ഇത് ചെയ്തിട്ടേ ഉള്ളൂ

ബാക്കി.... എന്നിട്ട് വേണം പുതിയ പരീക്ഷണം ചെയ്തു എന്ന് പറഞ്ഞ് സാറിന്റെ അടുത്തേക്ക് പോകാൻ.

[എന്നാൽ ഒന്നും നടക്കാതെ ആയപ്പോൾ ലാലു ആ ഗ്ലാസിലേക്ക് ഒരു തീപ്പെട്ടി കൊള്ളി കത്തിച്ചിട്ടു. ഗ്ലാസ് അടക്കം എല്ലാം പൊട്ടിത്തെറിച്ചു പോയി.]

ലാലു : അയ്യോ.....എന്റെ ഗ്ലാസ്.....പൊട്ടിത്തെറിക്കാൻ മാത്രം ഞാൻ ഒന്നും ചെയ്തില്ലല്ലോ ( ലാലു ചിന്തിക്കുന്നു )

[ ശബ്ദം കേട്ട് ലാലുവിന്റെ അമ്മ ഓടിവരുന്നു. പിന്നീട് ലാലുവിനെ ശകാരിക്കുന്നു.]

[ പിറ്റേദിവസം അവനെ ശകാരിച്ച വിവരം ക്ലാസ് മുഴുവൻ അറിഞ്ഞു. പിന്നീട് ];

മാധവൻ സാർ : മക്കളെ ഞാൻ ഇന്നലെ കാണിച്ച പരീക്ഷണം ഒരു ശാസ്ത്ര കൗതുകം എന്ന രീതിയിൽ മാത്രം കണ്ടാൽ മതി. ആരും ഇനി ഇങ്ങനെയൊന്ന് പരീക്ഷിക്കരുത് കേട്ടോ.....

നന്ദി നമസ്കാരം.

——————

AKSHAYA P. S.

9TH C



## കുടിവെള്ള സംരക്ഷണം - ഒരു സമ്മാനക്കഥ

-------------------------

രംഗം 1

-----------

സ്ഥലം : ക്ലാസ്സ്റൂം

----------------------

ടീച്ചർ ആദിത്യനെയും അശ്വിനെയും അഭിനന്ദിക്കുന്നു. കുടിവെള്ള സംരക്ഷണവുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മാണം, ഉപന്യായസം, എന്നിവയിൽ ജില്ലയിൽ ഒന്നാം സ്ഥാനം നേടിയ ഇവർ നമ്മുടെ സ്കൂളിന്റെ അഭിമാനത്താരങ്ങളാണ്. നൊക്കൂ.... ഇവർ കാരണം നമ്മുടെ സ്കൂളിന്റെ പേര് എവിടെവരെ എത്തിയിരിക്കുന്നു. എല്ലാ കുട്ടികളും ഇവരെ മാതൃകയാക്കണം.

എല്ലാ കുട്ടികളും ആദിത്യനെയും അശ്വിനെയും അഭിനന്ദിക്കുന്നു.....

രംഗം 2

-----------

ആദിത്യനും അശ്വിനും ട്രോഫിയും പിടിച്ചുകൊണ്ടു നടന്നുപോകുന്നു. പൈപ്പിൻ ചുവട്ടിൽ നിന്ന് മുഖം കഴുകി പൈപ്പ് ശെരിക്ക് അടയ്ക്കാതെ പോകുന്നു. പിറകെ വന്ന ഗോപു പൈപ്പ് അടക്കുന്നു

രംഗം 3

-----------

ആദിത്യന്റെ അമ്മയും അശ്വിന്റെ അമ്മയും ഫോണിൽ.......

ആദിത്യന്റെ അമ്മ : രമേ കുട്ടികളുടെ സമ്മാനങ്ങൾ ഒക്കെ കണ്ടില്ലേ? എന്തായാലും ഞാൻ ഉപനയാസം ഏഴ്ത്തിക്കൊടുത്തു പഠിപ്പിച്ചതിനും നീ പോസ്റ്റർ ഉണ്ടാക്കി പഠിപ്പിച്ചതിനും കാര്യമുണ്ടായി. നമ്മുടെ കുട്ടികൾ സ്കൂളിൽ അറിയപ്പെടുന്നവരായി മാറിയല്ലോ.

അശ്വിന്റെ അമ്മ രമ : അതെ ചേച്ചി... ഇനിയുള്ള

മത്സരങ്ങളിലും നമുക്ക് നമ്മുടെ കുട്ടികൾക്ക് ഒന്നാം സ്ഥാനം വാങ്ങിക്കൊടുക്കണം...

ആദിത്യന്റെ അമ്മ : ശെരിയാ... നമ്മുടെ കുട്ടികൾക്ക് തന്നെ ഇനിയുള്ള സമ്മാനങ്ങളും നമുക്ക് വാങ്ങിയെടുക്കാം. ആട്ടെ... അശ്വിൻ എവിടെ? അവനു ഫോൺ കൊടുക്ക് ഒന്ന് അഭിനന്ദിക്കട്ടെ..

അശ്വിന്റെ അമ്മ രമ : അയ്യോ ചേച്ചി ഈ ചെക്കൻ ചെയ്ത് വെച്ചത് എന്താന്നറിയോ? ബാത്റൂമിൽ കയറി കുളിച്ച് പഠിപ്പും തുറന്നിട്ട് പോയി. ഒരു ടാങ്ക് വെള്ളം മുഴുവനും  പോയി. അതിന് ഞാൻ വഴക്ക് പറഞ്ഞതിന് മുറിയിൽ കയറി ഒറ്റക്കിടാപ്പാ... ഇനി കുറച്ചു കഴിഞ്ഞാലേ ഓക്കേ ആവു... ആദിത്യനോടും എന്റെ അഭിനന്ദനങ്ങൾ പറയണേ...

ആദിത്യന്റെ അമ്മ : ന്നാ ശെരി രമ പിന്നെ വിളിക്കാം വെക്കട്ടെ.

രംഗം 4

-----------

കുട്ടികൾക്ക് കിട്ടിയ ട്രോഫിയും പാഴാക്കുന്ന  ജലവും ഒരു ഫോക്കസിൽ കാണിക്കുന്നു....

രംഗം 5

----------തിരിച്ചറിയപ്പെടാത്ത ഗോപുവിന്റെ പ്രവർത്തനങ്ങൾ

(പൈപ്പ് മുറുക്കി അടക്കുന്നു, കിണർ വല വിരിക്കുന്നു,)ഫോക്കസ് ചെയ്യുന്നു

അശരീരി : ഇത് ഗോപു.. ഇവനുള്ള സമ്മാനം വരും തലമുറ  കൊടുക്കട്ടെ

Clara K. B

9.C

peter pan
------------

Long long ago, there lived a happy family in a lovely house in London. The famil was called darling and ithad. Three children named Wendy,John and Michael. They loved one another very much and lived happily together. One night, when Wendy was reading out stories to john and Michael, they saw something bright twinkling in the sky. It was indeed a young boy flying outside there rooms window. Seeing him, they all screamed out of excitement hearing the noise, Mrs Darling came in to the room and Wendy told her about the young boy also entered the room and said to the fairy "Tinkerbell! My shadow has been hidden somewhere in this room. Help me find it out, please." Hearing the whisper the children woke up. There saw that the boy was wearing clothes made of leaves. He said to them, "Iam Peter pan., your mom has locked my shadow in drawer. Please help me to find it out. The boys found out the shadow for Peter and he said,"I live in Neverland with the lost boys as their captain. We swim about with beautiful mermaids and also fight against the pirates." " It must be great fun, " Said went feeling overjoyed then Peter saw Tinkerbell flying next to the window and said, "I

must go back now. The lost boys shall be waiting for me to hear a story as they love stories""Don't go Peter I will tell you a story", Said Wendy then come with me. You can tell yoru story to the lost boys,"Said Peter Asking Tinkerbell to sprinkle fairy dust on the children to help them fly with them. So they flew hand in hand with Peter. Peter Pan was now cartain that hook and his fellow pirates were gone forever. He decided that it was time that Darling children returned home. Tinkerbell sprinkled her magic dust all over the pirate ship and it soared into the air with the Darling children.

The Indian chaf, Seagolls mermaids and friendly animals waved good by to them. The children got back to home and felt very happy. They asked Peter and Tinker Bell to stay with them but they said"We must go back. The lost boys shall be waiting for us!! So Peter and Tinker Bell waved goodbye to them and flew off to Neverland

Hansiya K. A
4.C

## മിട്ടു മുയലും കിട്ടൻ കരടിയും

-----------------------

ഒരു കാട്ടിൽ കിട്ടൻ എന്ന പേരുള്ള ദുഷ്ടനായ ഒരു കരടിക്കുട്ടൻ ഉണ്ടായിരുന്നു. കിട്ടൻ കരടി കാട്ടിലെ എല്ലാ ചെറിയ ചെറിയ ജീവികളെയും ഉപദ്രവിച്ചിരുന്നു. ഒരു ദിവസം മിട്ടുമുയൽ കാട്ടിലെ ഒരു മരച്ചുവട്ടിൽ കിടന്നുറങ്ങുകയായിരുന്നു. പെട്ടെന്ന് മിട്ടു മുയലിന്റെ ദേഹത്ത് എന്തോ വന്നു വീണു. മിട്ടുമുയൽ എണീറ്റ് ചുറ്റുപാടും നോക്കി അതാ.. കിട്ടൻ കരടി ഇരുന്ന് ചിരിക്കുന്നു. അവനാണ് കല്ലെറിഞ്ഞത് എന്ന് മിട്ടു മുയലിന് മനസ്സിലായി.മിട്ടു മുയൽ ഒന്നും മിണ്ടാതെ നടന്നു.. കുറച്ചു കഴിഞ്ഞപ്പോൾ അതാ ഒരു കരച്ചിൽ കേട്ടു. സ്ഥലത്തേക്ക് മിട്ടു മുയൽ ഓടിച്ചെന്ന് നോക്കുമ്പോൾ അത് നമ്മുടെ കിട്ടൻ കരടി തേനീച്ചകളുടെ കുത്തുകൊണ്ട് മുഖമൊക്കെ വീർത്ത് വിഷമിച്ചിരിക്കുന്നു.ഇത് കണ്ട് മിട്ടുവിന് വിഷമമായി. മിട്ടു പറഞ്ഞു നീ എന്തിനാണ് തേനീച്ചകളെ ഉപദ്രവിച്ചത് കാട്ടിലെ എല്ലാ ജീവികളെയും നീ ഉപദ്രവിക്കുന്നില്ലേ അതുകൊണ്ടാണ് നിനക്ക് ഇങ്ങനെ ഒരു പണി കിട്ടിയത്.പാവം തേനീച്ചകളെ ഉപദ്രവിച്ചത് സാരമില്ല നമുക്ക് പരിഹാരമുണ്ടാക്കാം.ഇങ്ങനെ പറഞ്ഞ മിട്ടു മുയൽ തിരിച്ചുപോയി.എന്നിട്ട് കിട്ടൻ കരടിക്ക് പുരട്ടാനുള്ള മരുന്നുമായി മിട്ടുമുയൽ തിരിച്ചുവന്നു. കിട്ടണ്ടേ മുഖത്ത് എല്ലാം പുരട്ടി കൊടുത്തു.അങ്ങനെ സന്തോഷത്തോടെ കിട്ടൻ കരടി പറഞ്ഞു എനിക്ക് ഒരു കാര്യം മനസ്സിലായി ഇനി മുതൽ ഈ കാട്ടിലെ എല്ലാ ജീവികളും എന്റെ സുഹൃത്തുക്കളാണ്. ഞാൻ ആരെയും ഇനി ഉപദ്രവിക്കില്ല.

Hansiya K. A
4.C

# ആനയും തയ്യിൽക്കാരനും



പണ്ട് പണ്ട് ഒരിടത്ത്, ഒരു ആന ഉണ്ടായിരുന്നു.ആന ദിവസവും കുളിക്കാനായി കുളത്തിൽ പോകും, പോകുന്ന വഴിക്ക് ഒരു തയ്യൽ കട ഉണ്ടായിരുന്നു. തയ്യൽ കടയിലെ തയ്യൽക്കാരൻ ദിവസവും പഴം കൊടുക്കും. ഒരു ദിവസം ഈ തയ്യൽക്കാരന് ഒരു തമാശ തോന്നി.ഈ ആനയെ ഒന്ന് പറ്റിക്കാം എന്ന് വിചാരിച്ചു. അപ്പോൾ തയ്യൽക്കാരന്റെ കടയിൽ എത്തിയപ്പോൾ ആന ദിവസവും ഉള്ളതുപോലെ തുമ്പിക്കൈ നീട്ടി.തുമ്പി കൈ നീട്ടിയപ്പോൾ തയ്യൽക്കാരൻ സൂചി വെച്ച് തുമ്പിക്കൈക്ക് ഒരു കുത്തു കൊടുത്തു. പാവം ആന, ആനയ്ക്ക് വേദനിച്ചു. ദേഷ്യം വന്നു. ആന ഒന്നും മിണ്ടിയില്ല തിരിഞ്ഞു നടന്നുപോയി. എന്നിട്ട് കുളത്തിലേക്ക് കുളിക്കാൻ പോയി. തിരിച്ചു വരുന്ന വഴിക്ക് ആന തുമ്പിക്കൈ നിറച്ച് വെള്ളം എടുത്തിട്ട് വന്നു പിന്നീട് തയ്യൽക്കാരന്റെ കടയിലേക്ക് വെള്ളം അങ്ങ് ചീറ്റി കൊടുത്തു. തയ്യൽക്കാരന്റെ തുണിയും കടയും എല്ലാം നനഞ്ഞു.

JYOTHIKA. R 6th c



# നദി

---

സ്കൂൾ വിട്ടതും കുട്ടികളുടെ
ഒരു കറുത്ത നദി ഒഴുകിപ്പോയി,
ഇരുകരകളിൽ നിൽക്കുന്നവർ
നദിയിൽ ഇറങ്ങാതെ അതിനെ നോക്കി
നിന്നു.
വഴിയിരികിൽ കാത്തുനിന്ന വീടുകൾ ഓരോ
കുമ്പിൾ
കോരിയെടുത്തത് കൊണ്ടാവണം അത്
അധിക ദൂരം ചെല്ലും മുൻപേ വറ്റിപ്പോയി.
തൂക്ക് വരവുകളുടെ സൂക്ഷിപ്പുകാരനായ
കറുപ്പ് നനഞ്ഞ റോഡിൽ ഇപ്പോഴും
അതിന്റെ ഓർമ്മ ഇപ്പോഴും ബാക്കിയുണ്ട്.
എങ്കിലും,
പോയവരെ കുറിച്ചോ
വന്നവരെ കുറിച്ചോ
ഓരോ ഒരു ഓർമ്മയുമില്ലെന്ന്
എല്ലാ വഴികളും നുണ പറയും.

വിഷ്ണുപ്രസാദ്



sreya n.s -8 C






## Sana.T.Faisal-4C





Ziya mehrin -3C





Ayisha minha.p-3C





Hanna .V.S-6C






Hisana .v.s- 7D





## Sana.T.Faisal-4C





Sona.T.Faisal-9C







Clara.k.b-9C





Sana.T.Faisal-4C






**Sana.T.Faisal-4C**





Sumesh.s



# फूल की अभिलाषा

एक फूल था मैं कल तक. . .
अब उसकी पंखुड़ियां थी गिरी गिरी
कुछ उड़ गए थे, कुछ कीचड़ में पड़ी
कुछ टूट पड़ी थी, कुछ सड़ी सी।

कल की बातों की चिंता ना थी मुझे
मिला ना मिला इसकी चिंता ना थी मुझे
कर्म पर अडिग विश्वास था मुझे हर पल
कमर तोड़कर काम करता रहा सभी दिन।


प्रकृति को मानता रहा सभी दिन
कभी कभी सोचता हूं मैं अब
कि कैसे हो गया मेरा जनम यहां
कि क्या करना था मुझे यहां
की मेरी करनी थी सफल हुई यहां
अब एहसास करता हूं की यहां
हर पल वह माली के आसपास थी मैं
चाहत से पाला पोसा था मुझे हर दिन
अब मैं उसके चरण रज पर पड़ी थी कहीं
अब सोचता हूं एक बार फिर
एक फूल सा सजाया था आपने यहां
सुगंध से  त्रसित बनाया था आपने मुझे
रंगों की मालिका बनाया था आपने मुझे।

AJIKUMAR B
HST HINDI

# Nature's Music

I love nature's music,
And summer time songs.
In the forest her great
singers gather in throngs.
The wind plays the harp,
And the birds take the tune.
The bass part is sung
By the man in the moon!
Each one know their part
To the very last letter!
And even our radio
Doesn't sound any better!

Arunima NM 9th c


Devna Das
V.C


അനുപിശുക്കനായിരുന്നു അബുക്കാസിം. മുറിവൈദ്യനായ അയാൾ കെയ്റോ നഗരത്തിൽ വൈദ്യശാല നടത്തിയാണ് ജീവിച്ചിരുന്നത്.
പണം ഏറെയുണ്ടായിട്ടും അയാൾ ആവശ്യത്തിനു പോലും ഉപയോഗിച്ചിരുന്നില്ല
ആളുകൾ കാസിമിനെ പരിഹസിക്കാൻ തുടങ്ങി
കാസിമിന്റെ ചെരുപ്പുപോലെ എന്നൊരു പ്രയോഗം തന്നെ നാട്ടിലുണ്ടായി.
ഇതുകണ്ടോ കാസിമിന്റെ
ഒരു ദിവസം
ഇഷ്ടം പോലെ പണം കൈയിലുണ്ടല്ലോ. ഇന്ന് സ്നാനഗൃഹത്തിൽ പോയി ഒന്ന് കുളിച്ചേക്കാം
ഈ സമയം ന്യായാധിപൻ സ്നാനഗൃഹത്തിലെത്തി.
ഈ പഴഞ്ചൻ ചെരുപ്പ് ന്യായാധിപന്റെ കണ്ണിൽ പെടേണ്ട


ശ്ശോ അതെന്താ
വീണ്ടും പണം നഷ്ടമായപ്പോൾ കാസിം ചെരുപ്പ് കുഴിച്ചിടാൻ തീരുമാനിച്ചു
പുറത്തുകടന്നു
ഇതു പോയി തുലയ്
ഹും കാസിമിന്റെ വീടും പരിസരവും പരിശോധിക്കൂ
നിധി കിട്ടി !


അല്പം കഴിഞ്ഞ്
ഹും ഈ കാസിമിനെ ഇന്നു ഞാൻ



# അപ്പുവും ദൊപ്പുവും

ഒരു ദിവസം അപ്പുവും ദൊപ്പുവും അമ്മമാരോടൊപ്പം സാരി വാങ്ങാൻ തുണിക്കടയിൽ പോയി. തുണികൾ കാണിക്കുന്നതിനിടയിൽ ഒരാൾ കുടിക്കാൻ കാപ്പിയുമായി വന്നു. ദൊപ്പു, വാ നമുക്ക് അങ്ങോട്ട് മാറിയിരുന്ന് കാപ്പി കുടിക്കാം. അപ്പു പറഞ്ഞു. പക്ഷെ ദൊപ്പു അത് കേൾക്കാതെ അവിടെ തന്നെ ഇരുന്നു ചായ കുടിക്കാനൊരുങ്ങി. പെട്ടന്ന് കപ്പ് മറിഞ്ഞു കാപ്പി സാരിയിലേക്ക് വീണു.'അയ്യോ ',! സെയിൽസ് ഗേൾ പറഞ്ഞു. അതുകണ്ടു കൊണ്ട് മാനേജർ ഓടിവന്നു. "കുറച്ചു കൂടി ശ്രദ്ധിക്കേണ്ടതായിരുന്നില്ലേ ". അയാൾ ദേഷ്യപ്പെട്ടു. ദൊപ്പു വിഷമിച്ചു നിന്നു.

Jyothika. R
6. C

# A Rainy Night

Two brothers lived in a small village. it had been raining heavily in that village for a few days. Then one night when they are sleeping, Deepu hear a noise and comes out, deepu moved towards the sound and saw a cat. It run into a bush. Bebo turned to look at it and again heard a horrible sound from behind him and looked back. He saw the figure and screamed in fear and went to gopu. " Deepu, Deepu what's wrong with you"?

Hurry up what's wrong with you "? Gopu grabs

him and screams. Save me.

Again gopu knocks him and he gets up in shock.

That's when he realizes that it was in nightmare

Arunima NM 9th C.

ഈ വിദ്യാലയത്തിലെ ഞങ്ങളുടെ കൊച്ചു കൂട്ടുകാരുടെയും, സഹപാഠികളുടെയും കൂടാതെ ഞങ്ങളുടെ പ്രിയപ്പെട്ട അധ്യാപകരുടെയും ഒട്ടനേകം രചനകൾ ഈ മാഗസിനിൽ ഉൾപ്പെടുത്താൻ ഞങ്ങള്ക്ക് സാധിച്ചു. Digital drive എന്ന ഞങ്ങളുടെ ഡിജിറ്റൽ മാഗസിനിൻ ഞങ്ങളാൽ കഴിയുന്ന വിധത്തിൽ മനോഹരമാക്കി തീർക്കാൻ ഞങ്ങൾക്ക് കഴിഞ്ഞു. ഈ മാഗസിൻ തയ്യാറാക്കാൻ ഞങ്ങളുടെ കൂടെ നിന്ന് മറ്റു LITTLE KITES അംഗങ്ങൾക്കും,കൂടാതെ ഞങ്ങൾക്ക് പിന്തുണയായി മാറിയ ഈ വിദ്യാലയത്തിലെ മറ്റു അധ്യാപകർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നു. ഈ മാഗസിനിൽ ഉൾപ്പെടുത്തിയിരിക്കുന്ന എല്ലാ രചനകളും വായനക്കാർക്ക് ആസ്വദിക്കാൻ കഴിഞ്ഞു എന്ന് വിശ്വസിക്കുന്നു.

നന്ദിയോടെ.................

ലിറ്റിൽകൈറ്റ്സ്

ജി.എച്ച്.എസ്.എസ്. ആനപ്പാറ